# അദ്ധ്യായം V

# നഗര തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

## 5.1 ആമുഖം

ആസ്തികൾ എന്നത് ഒരു സ്ഥാപനം നിയന്ത്രിക്കുന്നതും അവയിൽ നിന്ന് ഭാവിയിൽ സാമ്പത്തിക നേട്ടങ്ങളോ സേവന സാധ്യതകളോ ആ സ്ഥാപനത്തിലേക്ക് പ്രവഹിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതുമായ വിഭവങ്ങളാണ്. അധികാര വികേന്ദ്രീകരണത്തോടെ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ (കെഎം നിയമം) ഒന്നാം ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പദ്ധതികൾ, കെട്ടിടങ്ങൾ, മറ്റ് സ്വത്തുക്കൾ എന്നിവ കേരള സർക്കാർ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കൈമാറി (1995 സെപ്റ്റംബർ). തൽഫലമായി, നഗര തദ്ദേശസ്ഥാപനങ്ങൾ (യുഎൽബികൾ) അവയുടെ പരമ്പരാഗത ആസ്തികൾക്ക് പുറമേ കൈമാറ്റം ചെയ്തു കിട്ടിയ ധാരാളം ആസ്തികളുടെയും സൂക്ഷിപ്പുകാരായി മാറുകയും നഗര പ്രദേശങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നായി ആസ്തി പരിപാലനം മാറുകയും ചെയ്തു. ആസ്തികളിൽ പ്രയോഗിക്കുന്ന സാമ്പത്തിക, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് വിഭാഗങ്ങളുടെ സംയോജനമാണ് ആസ്തി പരിപാലനം. ആസ്തികളുടെ സൃഷ്ടിക്കൽ, പ്രവർത്തിപ്പിക്കൽ, പരിപാലനം, കൈയ്യൊഴിക്കൽ എന്നിവയിലൂടെ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ആവശ്യമായ സേവന നിലവാരം കൈവരിക്കുക എന്നതാണ് ആസ്തി പരിപാലനത്തിന്റെ ലക്ഷ്യം.

**ചിത്രം 5.1 : ആസ്തി പരിപാലന ചക്രം**




ആസ്തികളെ സംബന്ധിച്ച ഡേറ്റബേസിന്റെ പരിപാലനവും ആസ്തികളുടെ കൃത്യമായ ഇടവേളകളിലെ വിലയിരുത്തലും ആസ്തി പരിപാലനത്തിൽ ഉൾപ്പെടുന്നു. പൊതുജനങ്ങൾക്ക് വിവിധ നഗരസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കെഎം നിയമത്തിന്റെ ഒന്നാം ഷെഡ്യൂൾ യുഎൽബികളെ ചുമതലപ്പെടുത്തുന്നു, അതിനായി ആസ്തികൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.

## 5.2 ഓഡിറ്റ് വ്യാപ്തിയും രീതിയും, സാംപ്ലിംഗും

2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നഗര തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി പരിപാലനത്തെക്കുറിച്ചുള്ള ഒരു പ്രവർത്തനക്ഷമതാ

ഓഡിറ്റ് ഉൾപ്പെടുത്തിയിരുന്നു. 2023 ഓഗസ്റ്റിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-2023) പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തു. ഇപ്പോഴത്തെ അനുവർത്തന ഓഡിറ്റ് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിയാണ് നടത്തിയത്.

രേഖകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷ്മ പരിശോധന, ഓഡിറ്റ് ചോദ്യാവലികൾ നൽകൽ, സംയുക്ത ഭൗതിക പരിശോധനകൾ, ഫോട്ടോഗ്രാഫിക് തെളിവുകളുടെ ശേഖരണം എന്നിവ ഉൾപ്പെടുന്നതായിരുന്നു ഓഡിറ്റിന്റെ രീതി. എട്ട് ജില്ലകളിൽ നിന്നായി 24 യുഎൽബികളെ (ഓരോ ജില്ലയിൽ നിന്നും മൂന്ന് യുഎൽബികൾ വീതം) വിശദ പരിശോധനയ്ക്കായി തിരഞ്ഞെടുത്തു (**അനുബന്ധം 5.1**). എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2023 മാർച്ച് 27ന് ഒരു എൻട്രി കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റ് അവസാനിച്ചശേഷം, 2024 സെപ്റ്റംബർ 12ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ നൽകിയ അഭിപ്രായങ്ങൾ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 5.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെപ്പറയുന്നവ വിലയിരുത്തുന്നതിനായിരുന്നു ഓഡിറ്റ് നടത്തിയത്.

1. ആസ്തികൾ ആർജ്ജിക്കൽ അല്ലെങ്കിൽ സൃഷ്ടിക്കൽ കാര്യക്ഷമമായും ഫലപ്രദമായും ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തോ.
2. ആസ്തിപരിപാലനത്തിന്റെ രേഖപ്പെടുത്തലുകൾ, കണക്ക് സൂക്ഷിക്കൽ, നിരീക്ഷണം (അവയുടെ കൈയ്യൊഴിക്കൽ ഉൾപ്പെടെ) എന്നിവയ്ക്ക് ഫലപ്രദമായ സംവിധാനം നിലവിലുണ്ടായിരുന്നോ.
3. സാമൂഹിക ആസ്തികളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിന് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഫലപ്രദമായും, സാമ്പത്തികക്ഷമതയോടെയും കൈകാര്യം ചെയ്തോ.
4. 1994ലെ കെഎം നിയമത്തിലും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനായുള്ള മാനുവലിലും വിഭാവനം ചെയ്യുന്ന രീതിയിൽ യുഎൽബികളുടെ ആസ്തികളുടെ ഉപയോഗം, സംരക്ഷണം, പരിപാലനം, കൈയ്യൊഴിക്കൽ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്തോ.

## 5.4 ഓഡിറ്റ് മാനദണ്ഡം

താഴെ പറയുന്നവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ രൂപീകരിച്ചത്.

- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനായുള്ള മാനുവൽ, 2017
- കേരള സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ
- കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, 2012
- കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, 2000
- കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, 2000
- ആസ്തികൾ പരിപാലനം ചെയ്യുന്നതിനായി കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

## ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ താഴെപ്പറയുന്ന വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു :

- ആസൂത്രണം
- ആസ്തികളുടെ കണക്ക് സൂക്ഷിക്കൽ
- സ്ഥാപനതല സംവിധാനം
- സാമ്പത്തിക മാനേജ്മെൻറ്
- ആസ്തികൾ സൃഷ്ടിക്കൽ
- ആസ്തികളുടെ ഉപയോഗവും പരിപാലനവും
- ആസ്തികൾ കൈയ്യൊഴിക്കൽ
- നിരീക്ഷണം

## 5.5 ആസൂത്രണം

ആസ്തികളുടെ പരിപാലനത്തിനായുള്ള ആസൂത്രണത്തെ അടിസ്ഥാനമാക്കിയാണ് കാര്യക്ഷമമായ ഒരു ആസ്തി പരിപാലന സംവിധാനം നിർമ്മിക്കപ്പെടുന്നത്. ആസ്തി പരിപാലന തന്ത്രം തയ്യാറാക്കൽ, ഫണ്ടുകളുടെ സ്രോതസ്സുകൾ കണ്ടെത്തൽ എന്നിവ ആസൂത്രണത്തിൽ ഉൾപ്പെടുന്നു. ഇത് ആസ്തികളുടെ വ്യവസ്ഥാനുസൃതമായ സൃഷ്ടിക്കലും പരിപാലനവും ഉറപ്പാക്കാൻ യുഎൽബികളെ പ്രാപ്തമാക്കും. ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടത്ര ആസൂത്രണം ഇല്ലാതിരുന്നത് മൂലം ആസ്തികൾ സൃഷ്ടിക്കുന്ന പ്രക്രിയ പൂർത്തിയാകാതിരിക്കുന്നതിനും സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കാതിരിക്കുന്നതിനും ഫണ്ടുകൾ തടസ്സപ്പെടുന്നതിനും ഇടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ ഇത് ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാതിരിക്കുന്നതിൽ കലാശിച്ചു.

### 5.5.1 ആസ്തി പരിപാലനതന്ത്രവും പദ്ധതിയും തയ്യാറാക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി പരിപാലന പ്രക്രിയകളും നടപടിക്രമങ്ങളും ദീർഘകാല വീക്ഷണത്തോടെ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള മാനദണ്ഡങ്ങളും നാഴികക്കല്ലുകളും ഉൾക്കൊള്ളുന്ന ഒരു രേഖയാണ് ആസ്തി പരിപാലന തന്ത്രം (എഎംഎസ്). തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏൽപ്പിക്കപ്പെട്ട ഓരോ പ്രവർത്തനത്തിനും സ്ഥാപനത്തിനും അഞ്ചു വർഷത്തിൽ ഒരിക്കൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ആസ്തി പരിപാലന തന്ത്രം തയ്യാറാക്കണം എന്ന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തിപരിപാലനത്തിനായുള്ള മാനുവൽ, 2017 (എഎം മാനുവൽ, 2017) വിഭാവനം ചെയ്യുന്നു. ആസ്തി പരിപാലന തന്ത്രത്തെ അടിസ്ഥാനമാക്കി ഒരു നിർദ്ദിഷ്ട തലത്തിലുള്ള സേവനം നൽകുമ്പോൾ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ആസ്തികൾ പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും പുതുക്കുന്നതിനും ലക്ഷ്യമിട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ആസ്തി പരിപാലന പദ്ധതി (എഎംപി) രൂപീകരിക്കേണ്ടതായിരുന്നു. കൂടാതെ, യുഎൽബികൾ വാർഷിക പരിപാലന പദ്ധതി തയ്യാറാക്കണമെന്ന് കേരള സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, പരിശോധന നടത്തിയ ഒരു യുഎൽബിയും അതിന്റെ അധികാര പരിധിയിലുള്ള ആസ്തികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ആസ്തി പരിപാലന തന്ത്രമോ പദ്ധതിയോ തയ്യാറാക്കിയിട്ടില്ല. കൂടാതെ സർക്കാരോ പരിശോധന നടത്തിയ യുഎൽബികളോ ആസ്തിപരിപാലനത്തിനുള്ള ഒരു നയം രൂപീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തി.

ആസ്തി പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

### 5.5.2 അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാത്തത്

അതാത് യുഎൽബിയുടെ ചെയർപേഴ്സൺ അല്ലെങ്കിൽ മേയർ ചെയർപേഴ്സണായും, സെക്രട്ടറിയും മുനിസിപ്പൽ എഞ്ചിനീയറും കൺവീനർമാരായും, കൈമാറിക്കിട്ടിയ

സ്ഥാപനങ്ങളുടെ[42] തലവൻമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ആസ്തികളുടെ സംരക്ഷകർ തുടങ്ങിയവർ അംഗങ്ങളുമായി അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (എഎംഎംസി) രൂപീകരിക്കണമെന്ന് 2017ലെ എഎം മാനുവൽ വ്യവസ്ഥ ചെയ്യുന്നു. ആസ്തി പരിപാലന നയം തയ്യാറാക്കുന്നതിനും ആസ്തി പരിപാലന തന്ത്രത്തിന്റെയും ആസ്തികളുടെ വാർഷിക സ്ഥിതി വിലയിരുത്തലിന്റെയും (എഎസ്എഎസി) അടിസ്ഥാനത്തിൽ ആസ്തി പരിപാലന പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിനും എഎംഎംസി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതും ഗ്രാമസഭയുടെ അംഗീകാരത്തിനും ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുമായി ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഒരു യുഎൽബിയും എഎംഎംസി രൂപീകരിച്ചിട്ടില്ല. അതിനാൽ വാർഷിക ആസ്തി പരിപാലനത്തിന്റെയും പദ്ധതിയുടെയും തയ്യാറാക്കൽ യാഥാർത്ഥ്യമായില്ല.

മിക്ക മുനിസിപ്പാലിറ്റികളും ആസ്തി പരിപാലന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും കമ്മിറ്റികൾ തുടർനടപടികൾ സ്വീകരിച്ചുവരുകയാണെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). എന്നാൽ മുനിസിപ്പാലിറ്റികളുടെ വിശദാംശങ്ങളോ മറുപടിയെ സാധൂകരിക്കുന്ന രേഖകളോ ലഭ്യമാക്കിയിട്ടില്ല.

### 5.5.3 ആസ്തികളുടെ വാർഷിക സ്ഥിതി വിലയിരുത്തൽ (എഎസ്എഎസി)

2017ലെ എഎം മാനുവൽ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ ആസ്തികളുടെയും അവസ്ഥ വർഷം തോറും വിലയിരുത്തേണ്ടതാണ്. ഈ പരിശോധനയുടെ പ്രാഥമിക ലക്ഷ്യം, ആസ്തികളിൽ നിന്ന് പ്രതീക്ഷിക്കുന്ന സേവനത്തിന്റെ അഥവാ പ്രവർത്തനത്തിന്റെ നിലവാരവുമായി ബന്ധപ്പെട്ട് ആസ്തിയുടെ അവസ്ഥ വിലയിരുത്തുകയും അതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ തിരിച്ചറിയുകയും ചെയ്യുക എന്നതായിരുന്നു. എഎസ്എഎസിയുടെ ദ്വിതീയ ലക്ഷ്യം ആസ്തികളുടെ വാർഷിക ഭൗതിക പരിശോധന നടത്തുകയും ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്നതായിരുന്നു. എഎസ്എഎസി നടത്തുന്നതിനുള്ള ടീമുകളുടെ രൂപീകരണത്തിനും എഎസ്എഎസി റിപ്പോർട്ട് ഏകോപിപ്പിക്കുന്നതിനും കമ്മിറ്റികൾ/വർക്കിംഗ് ഗ്രൂപ്പുകൾ മുമ്പാകെ സമർപ്പിക്കുന്നതിനുമുള്ള ചുമതല യുഎൽബി സെക്രട്ടറിയ്ക്ക് ആയിരുന്നു. പരിശോധന നടത്തിയ ഒരു യുഎൽബിയും ഓഡിറ്റ് കാലയളവിൽ എഎസ്എഎസി നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആസ്തി സ്ഥിതി വിലയിരുത്തലിന്റെ അഭാവം കാരണം, പരിശോധന നടത്തിയ യുഎൽബികളിൽ ഖണ്ഡിക 5.6, 5.10 എന്നിവയിൽ വിശദമാക്കിയിരിക്കുന്നതുപോലെ ആസ്തികൾ ഉപയോഗിക്കാതിരിക്കൽ/പരിപാലനം നടത്താതിരിക്കൽ, യുഎൽബികളുടെ ഭൂമിയിലെ കൈയ്യേറ്റങ്ങൾ, ആസ്തി രജിസ്റ്ററുകളുടെ അനുചിതമായ സൂക്ഷിക്കൽ തുടങ്ങിയവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

***ശിപാർശ :***

***സർക്കാർ ഒരു ആസ്തി പരിപാലന നയം തയ്യാറാക്കുകയും, യുഎൽബികൾ അവരുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ ഫലപ്രദമായ പരിപാലനത്തിനുള്ള ആസ്തി പരിപാലന തന്ത്രവും പദ്ധതിയും സർക്കാർ നയത്തിന് അനുസൃതമായി തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.***

## 5.6 ആസ്തികളുടെ കണക്ക് സൂക്ഷിക്കൽ

ആസ്തികളുടെ കണക്ക് സൂക്ഷിക്കൽ എന്നത് ആസ്തികളുടെ ശരിയായ പരിപാലനം, കൃത്യമായ ഇടവേളകളിലെ പരിശോധന, ആസ്തികളുടെ കൃത്യസമയത്തുള്ള വിവേകപൂർണമായ മാറ്റിസ്ഥാപിക്കൽ അല്ലെങ്കിൽ കൈയ്യൊഴിക്കൽ എന്നിവ

---

[42] പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ, സർക്കാർ വിദ്യാലയങ്ങൾ തുടങ്ങി 10 ഡിപ്പാർട്ടുമെന്റുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളെ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കാനായി സംസ്ഥാന സർക്കാർ കൈമാറി (1995 സെപ്റ്റംബർ)

സുഗമമാക്കുന്നതിന് ആസ്തികളെ കുറിച്ചുള്ള പൂർണ്ണവും, കൃത്യവും, നിഷ്പക്ഷവുമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതും ഉൾപ്പെടുന്നതാണ്. തിരഞ്ഞെടുത്ത യുഎൽബികളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തി:

### 5.6.1 ആസ്തികളുടെ സമഗ്രമായ വിവരങ്ങളുടെ അഭാവം

ആസ്തികളുടെ ഫലപ്രദമായ സാമ്പത്തിക, സാങ്കേതിക പരിപാലനത്തിന് സഹായകമാകുകയും, നിയമപരമായ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്ന തരത്തിൽ ഓരോ ആസ്തികളുടെയും വിവരങ്ങൾ അടങ്ങിയ ഒരു രേഖയാണ് ആസ്തി രജിസ്റ്റർ. ആസ്തികളുടെ അവസ്ഥയുടെ സുതാര്യത, ഉത്തരവാദിത്തം, ആസ്തിപരിപാലന വിവരങ്ങളുടെ സൃഷ്ടി, ആസ്തികൾ ആർജ്ജിക്കൽ, കൈമാറ്റം, കൈയ്യൊഴിക്കൽ, ആസ്തികളുടെ സേവന വിതരണശേഷി എന്നിവയിൽ തീരുമാനങ്ങൾ എടുക്കൽ തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കുന്നതിനായി ആസ്തികളുടെ ഭൗതികവും, സാമ്പത്തികവുമായ സ്ഥിതി വിവരങ്ങൾ സൂക്ഷിക്കണമെന്ന് 2017ലെ എഎം മാനുവൽ നിർദ്ദേശിക്കുന്നു. ശരിയായ സാമ്പത്തിക വിവരം ലഭ്യമാക്കുന്നതിനും ആസ്തി രജിസ്റ്റർ സഹായിക്കുന്നു. ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള ഉത്തരവാദിത്തം യുഎൽബികളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.

വിവിധ വിഭാഗത്തിലുള്ള ആസ്തികൾക്ക്[43] വെവ്വേറെ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കേരള സർക്കാർ നിർദ്ദേശം നൽകുകയും അവയ്ക്കുള്ള രൂപരേഖ നിർദ്ദേശിക്കുകയും ചെയ്തു (2005 ഡിസംബർ). പിന്നീട്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും അവരുടെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യാനും ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം)[44] വികസിപ്പിച്ചെടുത്ത സചിത്ര സോഫ്റ്റ്‌വെയറിൽ ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കാനും നിർദ്ദേശിച്ചു (2010 ജനുവരി). ആസ്തി രജിസ്റ്ററുകൾ ഇലക്ട്രോണിക് രീതിയിൽ കാലാകാലങ്ങളിൽ പുതുക്കുന്നതിനുള്ള ഉത്തരവാദിത്തം യുഎൽബികളിലെ സെക്രട്ടറിമാർക്ക് ആണ്. എന്നാൽ, നിർദ്ദേശിച്ച പ്രകാരമുള്ള ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ പരിശോധന നടത്തിയ 24 യുഎൽബികളിൽ ഒന്നുപോലും പൂർത്തിയാക്കിയിരുന്നില്ല. കൂടാതെ പരിശോധന നടത്തിയ യുഎൽബികൾ ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ പുതുക്കിയില്ല.

പരിശോധന നടത്തിയ യുഎൽബികൾ സൂക്ഷിച്ചിരുന്ന സചിത്ര ലാൻഡ് ആന്റ് ബിൽഡിംഗ് ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ ഡാറ്റയുടെ (2023 ഡിസംബർ വരെ) ഡാറ്റ അനലിറ്റിക്സ് ടൂൾ ഉപയോഗിച്ച് നടത്തിയ വിശകലനത്തിൽ, ഭൂമി ആസ്തി രജിസ്റ്ററുകൾ അപൂർണ്ണമാണെന്ന് കണ്ടെത്തി. പരിശോധന നടത്തിയ യുഎൽബികളിൽ ഭൂമിയുടെ തരം, വാർഡ് നമ്പർ തുടങ്ങിയ വിശദാംശങ്ങൾ യഥാക്രമം 24 ശതമാനവും 66 ശതമാനവും ആസ്തികളിൽ ഉണ്ടായിരുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന 95 ശതമാനം ആസ്തികളിലും ആർജ്ജിച്ച തീയതിയും ആസ്തി മൂല്യവും ഇല്ലായിരുന്നു. കൂടാതെ 40 ആസ്തികളിൽ ഭൂമിയുടെ വിസ്തീർണ്ണം പോലും രേഖപ്പെടുത്തിയിരുന്നില്ല.

ഇതിനുപുറമെ, പരിശോധന നടത്തിയ യുഎൽബികൾ സൂക്ഷിച്ചിരിക്കുന്ന കെട്ടിട ആസ്തി രജിസ്റ്ററുകളിൽ 48 ശതമാനം മുതൽ 73 ശതമാനം വരെ ആസ്തികളിലും വാർഡ് നമ്പർ, നിർമ്മിച്ച വർഷം, നിർമ്മാണ ചെലവ് തുടങ്ങിയ സുപ്രധാന വിവരങ്ങൾ ഇല്ലായിരുന്നു. 150 കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം പോലും ഉണ്ടായിരുന്നില്ല. ഖണ്ഡിക 5.10, 5.11 എന്നിവയിൽ വിശദമാക്കിയിരിക്കുന്നതുപോലെ, ആസ്തികളുടെ സമഗ്രമായ ഡാറ്റാബേസിന്റെ അഭാവത്തിൽ, ആസ്തികളുടെ ശരിയായ വിനിയോഗം,

---

[43] ഭൂമി, കെട്ടിടം, റോഡ്, ജലവിതരണം, വൈദ്യുതി, ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, ജംഗമ ആസ്തികൾ തുടങ്ങിയ പത്ത് വിഭാഗങ്ങളിലായി ആസ്തികളെ തരംതിരിച്ചിരിക്കുന്നു

[44] ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) ആപ്ലിക്കേഷനുകൾ വഴി തദ്ദേശ സ്വയംഭരണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ

പരിപാലനം, സമയബന്ധിതമായ കൈയ്യൊഴിക്കൽ എന്നിവ ആസൂത്രണം ചെയ്യുന്നതിൽ പരിശോധന നടത്തിയ യുഎൽബികൾ പരാജയപ്പെട്ടു.

സചിത്ര ആസ്തി രജിസ്റ്റർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

### 5.6.2 സുലേഖയും സാംഖ്യയുമായി സചിത്ര സോഫ്റ്റ്‌വെയറിന്റെ ഏകോപനം

ആസ്തി രജിസ്റ്ററുകളുടെ ഓട്ടോമാറ്റിക് അപ്ഡേഷൻ, ഡിപ്രീസിയേഷന്റെ ഓട്ടോമാറ്റിക് കണക്ക് കൂട്ടൽ, വാർഷിക പദ്ധതി തയ്യാറാക്കലിന് സഹായിക്കൽ, ശരിയായ സാമ്പത്തിക റിപ്പോർട്ടിങ്ങിന് സഹായിക്കൽ, തുടങ്ങിയവ ഉറപ്പാക്കുന്നതിനായി സാംഖ്യ (വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ), സുലേഖ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ) എന്നിവയുമായി സചിത്ര ഡാറ്റയുടെ സംയോജിപ്പിക്കൽ സാദ്ധ്യമാക്കാൻ കേരള സർക്കാർ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകി (2012 ഓഗസ്റ്റ്). എന്നാൽ, ഐകെഎം ഇതുവരെ സചിത്ര സോഫ്റ്റ്‌വെയറിനെ സാംഖ്യ, സുലേഖ എന്നിവയുമായി സംയോജിപ്പിച്ചിട്ടില്ല. സംയോജിത ഡാറ്റാബേസിന്റെ അഭാവത്തിൽ വിഭാവനം ചെയ്തതു പോലെയുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

സോഫ്റ്റ്‌വെയറുകളുടെ സംയോജനം കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ പരിഹരിക്കപ്പെടുമെന്ന് എക്സിറ്റ് കോൺഫറൻസിൽ എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്താവിച്ചു (2024 സെപ്റ്റംബർ).

### 5.6.3 ആസ്തികളുടെ ജിഐഎസ് മാപ്പിംഗ്

ഭൂമിശാസ്ത്രപരമായ വിവര സംവിധാനം (ജിഐഎസ്) ഉപയോഗിച്ച് റോഡ്, റോഡിതര ആസ്തികൾ മാപ്പിംഗ് നടത്താനും ആസ്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിനും ആസ്തികളുടെ ഡൈമെൻഷണൽ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുന്നതിനുമായി ഒരു ഡൈനാമിക് ഡാറ്റാബേസ് രൂപകൽപ്പന ചെയ്യാൻ നാലാമത്തെയും അഞ്ചാമത്തെയും ആറാമത്തെയും സംസ്ഥാന ധനകാര്യ കമ്മീഷനുകൾ ശിപാർശ ചെയ്തിരുന്നു.

ഐകെഎമ്മിന്റെ വസ്തു നികുതി മാപ്പിംഗിനായുള്ള സഞ്ചയ സോഫ്റ്റ്‌വെയർ, ഡിജിറ്റൽ ആസ്തി രജിസ്റ്ററിനുള്ള സചിത്ര സോഫ്റ്റ്‌വെയർ എന്നിവയുമായി സംയോജനം സാധ്യമാക്കുന്നതിനായി എല്ലാ സ്ഥാവരവസ്തുക്കളുടെയും ജിഐഎസ് മാപ്പിംഗ് നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സർക്കാർ നിർദ്ദേശം നൽകി (2016 ഫെബ്രുവരി). പരിശോധന നടത്തിയ യുഎൽബികളിൽ അഞ്ച് മുനിസിപ്പാലിറ്റികൾ[45] എല്ലാ സ്വത്തുക്കളുടെയും ജിഐഎസ് മാപ്പിംഗ് നടത്തിയപ്പോൾ തിരുവനന്തപുരം കോർപ്പറേഷൻ അതിന്റെ സ്വന്തം ആസ്തികൾ മാപ്പിംഗ് ചെയ്യുന്നതിന് ജിഐഎസ് മാപ്പിംഗ് നടത്തി (2020 മാർച്ച്). എന്നാൽ, സചിത്ര സോഫ്റ്റ്‌വെയറുമായി ജിഐഎസ് ഡാറ്റയുടെ സംയോജനം ഐകെഎം സാധ്യമാക്കാത്തതിനാൽ ആസ്തികളുടെ മാപ്പിംഗ് നടത്തിയത് ഈ യുഎൽബികൾക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ, യുഎൽബികളുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ ഉടമസ്ഥാവകാശ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഡാറ്റ പരിശോധനയുടെ അഭാവവും അഞ്ച് മുനിസിപ്പാലിറ്റികളിലും ജിഐഎസ് മാപ്പ് ചെയ്ത ആസ്തികളുടെ ഡാറ്റാബേസിന്റെ വിശ്വാസ്യത ഇല്ലാതെയാക്കി. തിരുവനന്തപുരം കോർപ്പറേഷൻ അവരുടെ ആസ്തികൾക്ക് മാത്രമായി ജിഐഎസ് മാപ്പിംഗ് നടത്തിയെങ്കിലും ഡാറ്റാബേസ് തയ്യാറാക്കുന്നതിന് വളരെ മുമ്പ് തന്നെ

45 വർക്കല (2021), കളമശ്ശേരി (2013), കൊടുവള്ളി (2019), കൊടുങ്ങല്ലൂർ (2022), പൊന്നാനി (2018) മുനിസിപ്പാലിറ്റികൾ

നിർമ്മിച്ചതോ ഏറ്റെടുത്തതോ ആയ നിരവധി കെട്ടിടങ്ങളും ആസ്തികളും[46] ഒഴിവാക്കപ്പെട്ടതിനാൽ ജിഐഎസ് ഡാറ്റാബേസ് അപൂർണ്ണമായിരുന്നു. കൂടാതെ, പ്രാരംഭ ജിഐഎസ് മാപ്പിംഗ് നടത്തിയതിന് ശേഷം തയ്യാറാക്കിയ ഡാറ്റാബേസ് മുകളിൽ പറഞ്ഞ ഒരു യുഎൽബികളും അപ്ഡേറ്റ് ചെയ്തിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ ജിഐഎസ് മാപ്പിംഗിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരികയാണെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). റോഡുകളുടെ ജിഐഎസ് മാപ്പിംഗ് നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണെന്നും പിന്നീടത് മറ്റ് ആസ്തികളിലെ ഡാറ്റായിലേക്കും വ്യാപിപ്പിക്കുമെന്നും പ്രസ്താവിച്ചു.

### 5.6.4 ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്ന രേഖകളുടെ അഭാവം

കെഎം നിയമം, 1994 ഉം എഎം മാനുവൽ, 2017 ഉം പ്രകാരം എല്ലാ മുനിസിപ്പൽ സ്വത്തുക്കളുടെയും അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൈവശമുള്ള ആസ്തികളുടെ ഉടമസ്ഥാവകാശ രേഖകളുടെയും സംരക്ഷകൻ മുനിസിപ്പൽ സെക്രട്ടറി ആയിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഏതെങ്കിലും ആസ്തികളുടെ ഉടമസ്ഥാവകാശ രേഖകൾ ഇല്ലെങ്കിൽ, അവർ ആ ആസ്തികൾ രേഖകളിൽ ഉൾപ്പെടുത്തുകയും അവയ്ക്ക് നിയമപരമായി ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുകയും വേണം.

എന്നാൽ, പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള 82 ശതമാനം ഭൂമി ആസ്തികളിലും ഉടമസ്ഥാവകാശ രേഖയോ മറ്റ് സാധുവായ കൈവശാവകാശ രേഖകളോ ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 5.2ൽ** കൊടുത്തിരിക്കുന്നു.

പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൈയ്യേറ്റങ്ങൾ നടന്നതായി ഓഡിറ്റിൽ കണ്ടെത്തി. ഖണ്ഡിക 5.10.6ൽ വിശദമാക്കിയിരിക്കുന്നതുപോലെ, അവയിൽ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിൽ യുഎൽബികൾ പരാജയപ്പെടുകയും തത്ഫലമായി കൈയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കഴിയാതെവരുകയും ചെയ്തു.

***ശിപാർശകൾ :***

***എല്ലാ യുഎൽബികളും അവരുടെ ആസ്തികളുമായി ബന്ധപ്പെട്ട പൂർണ്ണ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.***

***ആസ്തി രജിസ്റ്ററുകളുടെ യഥാസമയ അപ്ഡേറ്റ്, ശരിയായ സാമ്പത്തിക റിപ്പോർട്ടിംഗ് എന്നിവ സാധ്യമാക്കുന്നതിന് സചിത്ര, സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കുവാൻ സർക്കാർ മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്.***

***യുഎൽബികൾ അവരുടെ ആസ്തികളുടെ ജിഐഎസ് മാപ്പിംഗ് നടത്തുകയും അത് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കുകയും അതിന്റെ പതിവായുള്ള അപ്ഡേറ്റ് നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം സ്ഥാപിക്കുകയും ചെയ്യുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 5.7 സ്ഥാപന സംവിധാനം

### 5.7.1 എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ, അറ്റകുറ്റപ്പണി പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് ഒരു എഞ്ചിനീയറിംഗ് വിഭാഗം കേരള സർക്കാർ സൃഷ്ടിച്ചു (2007 നവംബർ). അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/

[46] തിരുവല്ലം സോണിൽ കോളിയൂർ മിനിസ്റ്റേഡിയം, വിഴിഞ്ഞം സോണിൽ രണ്ടു കമ്മ്യൂണിറ്റി ഹാളുകൾ, കുറവൻകോണത്ത് സർവ്വെ നമ്പർ പി.ടി.എം 3116 ൽ ഉൾപ്പെട്ട സ്ഥലം എന്നിവ

അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിലുള്ള മുനിസിപ്പൽ എഞ്ചിനീയർ മുനിസിപ്പാലിറ്റികളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നേതൃത്വം നൽകുകയും ഓവർസീയർമാർ സഹായിക്കുകയും ചെയ്യുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ റാങ്കിലുള്ള കോർപ്പറേഷൻ എഞ്ചിനീയർ മുനിസിപ്പൽ കോർപ്പറേഷനുകളിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ തലവനും, എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർമാർ എന്നിവർ അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുന്നു.

ആസ്തി സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എഞ്ചിനീയറിംഗ് വിഭാഗം രൂപം നൽകിയ പദ്ധതികളുടെ നടപ്പാക്കൽ തിരഞ്ഞെടുത്ത യുഎൽബികളിൽ ഓഡിറ്റ് വിശകലനം ചെയ്യുകയും പദ്ധതി നടപ്പാക്കലിന്റെ ശതമാനം വളരെ കുറവാണെന്ന് കണ്ടെത്തുകയും ചെയ്തു. ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾ 50 ശതമാനം മുതൽ 59 ശതമാനം വരെയും ആസ്തികൾ പരിപാലിക്കുന്ന പദ്ധതികൾ 51 ശതമാനം മുതൽ 61 ശതമാനം വരെയും മാത്രമേ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയുള്ളൂ. വിശദാംശങ്ങൾ **പട്ടിക 5.1ൽ** നൽകിയിരിക്കുന്നു:

**പട്ടിക 5.1 : ആസ്തി സൃഷ്ടിക്കലിനും പരിപാലനത്തിനുമുള്ള പദ്ധതികളുടെ നടപ്പാക്കലിന്റെ സ്ഥിതി**

| വർഷം | ആസ്തി സൃഷ്ടിക്കൽ | | | പരിപാലനം (റോഡിതരം) | | |
|---|---|---|---|---|---|---|
| | രൂപം നൽകിയ പദ്ധതികളുടെ എണ്ണം (റോഡ് പദ്ധതികൾ ഒഴികെ) | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ശതമാനം | രൂപം നൽകിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ശതമാനം |
| **2020-21** | 3923 | 2321 | 59.16 | 861 | 526 | 61.09 |
| **2021-22** | 2977 | 1533 | 51.49 | 923 | 473 | 51.25 |
| **2022-23** | 3504 | 1748 | 49.89 | 1128 | 631 | 55.94 |
| **ആകെ** | **10404** | **5602** | **53.84** | **2912** | **1630** | **55.98** |

*(ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) നൽകിയ വിവരങ്ങൾ)*

സ്ഥല പരിശോധനയും സാധ്യതാ പഠനവും നടത്താത്തത്, പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള എല്ലാ വശങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് തുടങ്ങിയ കേരള പിഡബ്ല്യുഡി മാനുവലിലെ വ്യവസ്ഥകൾ പാലിക്കാത്ത സംഭവങ്ങൾ നടപ്പാക്കിയ പദ്ധതികളിൽ ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ ഫലമായി ഖണ്ഡിക 5.9ൽ വിശദീകരിച്ചിരിക്കുന്നതു പോലെ പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്നത്, പ്രവൃത്തി നൽകിയതിനുശേഷം എസ്റ്റിമേറ്റുകളുടെ വിപുലമായ പരിഷ്കരണം, ചെലവിന്റെ വർദ്ധനവ്, നിഷ്ഫല ചെലവ് എന്നിവ ഉണ്ടായി. പദ്ധതികൾ നടപ്പാക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പോരായ്മകൾ ആണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

പ്രതികൂലകാലാവസ്ഥ മൂലമോ കരാറുകാർ കൃത്യസമയത്ത് ടെൻഡറുകൾ സ്വീകരിക്കാത്തതിനാലോ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ചില ജോലികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). ടെൻഡറുകൾ സ്വീകരിക്കാത്തതിനാലോ പ്രതികൂല കാലാവസ്ഥമൂലമോ ആണ് തുടർച്ചയായ മൂന്ന് വർഷങ്ങളിലും ഏകദേശം 40–50 ശതമാനം ജോലികൾ പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന മറുപടി നിലനിൽക്കുന്നതല്ല. കൂടാതെ പ്രതിസന്ധി മറികടക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ച് മറുപടി നിശബ്ദമാണ്.

### 5.7.2 ആസ്തികളുടെ സംരക്ഷകൻ

കെട്ടിടങ്ങളുടെ നിർമ്മാണം/പരിപാലനം എന്നിവ നടപ്പിലാക്കുന്നതിന് മാത്രമേ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഉത്തരവാദിത്തമുള്ളൂ. ആസ്തി ഏത് ഉദ്ദേശ്യത്തിനായി നിർമ്മിച്ചുവോ അതിനായി ഉപയോഗിക്കേണ്ടത് ആസ്തിയുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട

സേവന വിതരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗത്തിന്റെ ഉത്തരവാദിത്തമാണ്. സേവന വിതരണ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ആസ്തിയുടെ വിനിയോഗവും സമയബന്ധിതമായ അറ്റകുറ്റപ്പണിയും ഉൾപ്പെടെയുള്ള വ്യവസ്ഥാപിത പരിപാലനത്തിനായി ഓരോ വിഭാഗത്തിലുള്ള സേവന വിതരണ ആസ്തികൾക്കും ഒരു സംരക്ഷകനെ നിയമിക്കണമെന്ന് 2017ലെ എഎം മാനുവൽ വ്യവസ്ഥ ചെയ്യുന്നു. ഒരു പ്രത്യേക ആസ്തിയുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമുള്ള ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും പദവിയിലോ തലത്തിലോ ഉള്ള വ്യക്തി ആണ് ആസ്തികളുടെ സംരക്ഷകൻ. കൂടാതെ, ആസ്തികളുടെ ദുരുപയോഗം, തെറ്റായ കൈകാര്യം ചെയ്യൽ, വിനിയോഗക്കുറവ് അല്ലെങ്കിൽ അനധികൃത ഉപയോഗം എന്നിവയ്ക്ക് ആസ്തികളുടെ സംരക്ഷകൻ ഉത്തരവാദി ആയിരിക്കും. എന്നാൽ, പരിശോധന നടത്തിയ ഒരു യുഎൽബിയും അവരുടെ ഉടമസ്ഥതയിലുള്ള ആസ്തികൾക്ക് സംരക്ഷകരെ നിയോഗിച്ചിട്ടില്ല. ആസ്തികൾ കൈകാര്യം ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും ശരിയായ സംവിധാനം നിലവിലില്ലാത്തതിനാൽ, ഖണ്ഡിക 5.10ൽ വിവരിച്ചിരിക്കുന്നതുപോലെ പൊതു സ്ഥലം/കെട്ടിടങ്ങൾ കൈയ്യേറിയതും പകൽവീട്[47], വനിതാ പരിശീലന കേന്ദ്രങ്ങൾ, വ്യാവസായിക എസ്റ്റേറ്റുകൾ, വനിതാ ഹോസ്റ്റലുകൾ തുടങ്ങിയ വിവിധ സേവന വിതരണ ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഓഡിറ്റ് നിരീക്ഷണം തുടർ നടപടിക്കായി പരിഗണിക്കുമെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ).

***ശിപാർശ :***

***ആസ്തികളുടെ ശരിയായ പരിപാലനവും ഉപയോഗവും ഉറപ്പുവരുത്താൻ ഓരോ വിഭാഗത്തിലുമുള്ള ആസ്തികൾക്കും ആസ്തിസംരക്ഷകരെ ചുമതലപ്പെടുത്താൻ സർക്കാർ യുഎൽബികൾക്ക് നിർദ്ദേശം നൽകണം.***

## 5.8 സാമ്പത്തിക മാനേജ്മെന്റ്/ഫണ്ടിംഗ്

ഫലപ്രദമായ ആസ്തി പരിപാലനത്തിന്റെ ഒരു അന്തർലീന ഘടകമാണ് ഫണ്ടുകളുടെ ലഭ്യതയും അവയുടെ കാര്യക്ഷമമായ ഉപയോഗവും. യുഎൽബികൾക്ക് വിവിധ സേവന വിതരണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആസ്തികൾ സൃഷ്ടിക്കുന്നതിനും വിനിയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും കേരള സർക്കാരിന്റെ വികസന, മെയ്ന്റനൻസ് ഫണ്ടുകൾ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ, യുഎൽബികളുടെ തനതു ഫണ്ടുകൾ എന്നിങ്ങനെ വിവിധ ഫണ്ടുകൾ ലഭ്യമാണ്. പരിശോധന നടത്തിയ യുഎൽബികളിൽ ഓഡിറ്റ് കാലയളവിൽ ആസ്തി പരിപാലനത്തിന് (റോഡ് പദ്ധതികൾ ഒഴികെ) വകയിരുത്തിയ ഫണ്ടുകളുടെ വിഹിതവും ചെലവും താഴെ **പട്ടിക 5.2ൽ** നൽകിയിരിക്കുന്നു.

**പട്ടിക 5.2 : പരിശോധന നടത്തിയ യുഎൽബികളിലെ ആകെ ഫണ്ട് വിഹിതവും ചെലവും**

***(₹ കോടിയിൽ)***

| വർഷം | ആസ്തി സൃഷ്ടിക്കൽ | | | | | | | ആസ്തി പരിപാലനം | | |
|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | | | ഉപയോഗിച്ച തുക | | | ഉപയോഗ ശതമാനം | അനുവദിച്ച തുക | ഉപയോഗിച്ച തുക | ഉപയോഗ ശതമാനം |
| | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ | | മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | |
| 2020-21 | 421.37 | 71.20 | 492.57 | 245.94 | 9.73 | 255.67 | 51.91 | 69.96 | 36.33 | 51.93 |
| 2021-22 | 334.12 | 89.20 | 423.32 | 146.62 | 7.00 | 153.62 | 36.29 | 92.39 | 30.41 | 32.91 |
| 2022-23 | 397.63 | 74.40 | 472.03 | 166.23 | 11.04 | 177.27 | 37.55 | 96.09 | 45.26 | 47.10 |

*(ഉറവിടം : ഐകെഎം നൽകിയ വിവരം)*

---

[47] പ്രായമായവരുടെ ഏകാന്തതയെ ചെറുക്കാൻ സഹായിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്ത ഒരു ഇടപെടലാണ് പകൽവീട് അല്ലെങ്കിൽ പകൽ പരിചരണകേന്ദ്രം

ആസ്തികൾ സൃഷ്ടിക്കുന്നതിനു 36 മുതൽ 52 ശതമാനം വരെയും ആസ്തികൾ പരിപാലിക്കാൻ 33 മുതൽ 52 ശതമാനം വരെയും മാത്രമേ ഫണ്ടുകൾ വിനിയോഗിച്ചിട്ടുള്ളൂ. കൂടാതെ, ആസ്തികൾ സൃഷ്ടിക്കാനുള്ള തനതു ഫണ്ടിന്റെ വിനിയോഗം ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള മൊത്തം ചെലവിന്റെ നാല് ശതമാനം മുതൽ ആറ് ശതമാനം വരെ ആയിരുന്നു. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമായി മെയ്ന്റനൻസ് ഫണ്ട് വിനിയോഗിക്കണമെന്ന് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ ശിപാർശ ചെയ്തിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ആസ്തികളുടെ അറ്റകുറ്റപ്പണികൾ അവരുടെ തനതു ഫണ്ട് ഉപയോഗിച്ചാണ് നടത്തേണ്ടിയിരുന്നത്. എന്നാൽ, പരിശോധന നടത്തിയ യുഎൽബികൾ തനത് ഫണ്ട് ഉപയോഗിച്ച് സ്വന്തം ആസ്തികളുടെ കൃത്യമായ ഇടവേളകളിലെ അറ്റകുറ്റപ്പണികൾക്കായി ഒരു പദ്ധതിയും രൂപപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ കേരള പിഡബ്ല്യുഡി മാനുവലിൽ വിഭാവനം ചെയ്തതിരിക്കുന്നതുപോലെ കൃത്യമായ ഇടവേളകളിലെ അറ്റകുറ്റപ്പണികൾ പരിശോധന നടത്തിയ യുഎൽബികളിൽ നടന്നിട്ടില്ല.

ആസ്തി സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

## 5.9 ആസ്തി സൃഷ്ടിക്കൽ

പൗരൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എൽപ്പിച്ചിട്ടുള്ള നിർബന്ധിത, പൊതുവായ, മേഖലാ പ്രവർത്തനങ്ങൾ നിറവേറ്റുക എന്നതാണ് ആസ്തി സൃഷ്ടിയുടെ ലക്ഷ്യം. ആസ്തികൾ ആർജ്ജിക്കുന്നതിലും സൃഷ്ടിക്കുന്നതിലും വിരളമായ വിഭവങ്ങളുടെ നിക്ഷേപം ഉൾപ്പെട്ടിരിക്കുന്നതിനാൽ ഉദ്ദേശിച്ച നേട്ടങ്ങൾ പരമാവധി ലഭിക്കുന്നതിനായി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് അധിഷ്ഠിത പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നതുപോലെ, അനുയോജ്യമല്ലാത്ത ഭൂമി ഏറ്റെടുക്കൽ, അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിക്കൽ, നിർമ്മാണം പൂർത്തിയാക്കുന്നതിലെ അമിതമായ കാലതാമസം തുടങ്ങിയ സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 5.9.1 അനുയോജ്യമല്ലാത്ത ഭൂമി ഏറ്റെടുക്കൽ

ഒരു ആസ്തി സൃഷ്ടിക്കുന്നതിന്റെ ആവശ്യകതയും അതിനുള്ള ഫണ്ടിന്റെ ഉറവിടവും യുഎൽബി തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, പദ്ധതിയുടെ ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കാനായി അനുയോജ്യമായ ഭൂമി കണ്ടെത്തേണ്ടത് ആവശ്യമാണ്. ഏറ്റെടുക്കേണ്ട ഭൂമി ഉദ്ദേശിച്ച ആവശ്യത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന് 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂമി യുഎൽബികൾ വാങ്ങിയതിന്റെ ഫലമായി ₹7.50 കോടിയുടെ ഫണ്ട് തടയപ്പെട്ട് കിടക്കുന്നതിനും നിഷ്ഫല ചെലവിനും കാരണമായതായും ഓഡിറ്റ് നിരീക്ഷിച്ചു. താഴെ കൊടുത്തിരിക്കുന്ന രണ്ട് സന്ദർഭങ്ങളിലും ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് സാധ്യതാ പഠനം നടത്തുന്നതിൽ യുഎൽബികൾ പരാജയപ്പെട്ടു.

#### *5.9.1.1 സീവേജ് സംസ്കരണ പ്ലാന്റിനായി തൃശ്ശൂർ കോർപ്പറേഷൻ തണ്ണീർത്തടം വാങ്ങിയത്*

അമൃത് പദ്ധതിയിൽ 2.5 എംഎൽഡി സീവേജ് സംസ്കരണ പ്ലാന്റ് (എസ്ടിപി) നിർമ്മിക്കുന്നതിനായി, വികസനഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള ഒരു പദ്ധതിക്ക് തൃശ്ശൂർ കോർപ്പറേഷൻ രൂപം നൽകി (2016–17). എന്നാൽ, ഭൂമിയുടെ അനുയോജ്യത വിലയിരുത്താതെ, കോർപ്പറേഷൻ കുർക്കഞ്ചേരി വില്ലേജിൽ മൂന്ന് വശങ്ങളിൽ കനാലുകളും നാലാംവശത്ത് നെൽപ്പാടവുമുള്ള 3.91 ഏക്കർ തണ്ണീർത്തടം ₹2.16 കോടി ചെലവഴിച്ച് വാങ്ങി (2017 നവംബർ). പാർക്കും എസ്ടിപിയുമായി ബന്ധപ്പെട്ട മറ്റ് സൗകര്യങ്ങളും സ്ഥാപിക്കുന്നതിനായി, കോർപ്പറേഷൻ വീണ്ടും ₹4.29 കോടി

ചെലവഴിച്ച് തൊട്ടടുത്തുള്ള 7.79 ഏക്കർ നെൽവയൽ/തണ്ണീർത്തടം വാങ്ങി (2019 മാർച്ച്). എസ്ടിപി നിർമ്മാണത്തിന് ഭൂമി അനുയോജ്യമാണെന്ന് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതായി (2018 നവംബർ) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം തണ്ണീർത്തടങ്ങൾ നികത്തുന്നത് നിരോധിച്ചതിനാൽ എസ്ടിപി നിർമ്മാണത്തിനായി വാങ്ങിയ ഭൂമിയുടെ ഒരു ഭാഗം (73 സെന്റ്) നികത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ അംഗീകാരത്തിനായി കോർപ്പറേഷൻ സമർപ്പിച്ചു. നികത്തേണ്ട ഭൂമി ഒരു തണ്ണീർത്തടവും കോൾ നിലങ്ങളുടെ ഭാഗവുമായതിനാൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള റാംസർ[48] സൈറ്റായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി നികത്തുന്നതിന്റെ പരിസ്ഥിതി ആഘാതം കണക്കിലെടുത്ത് പ്രസ്തുത ഭൂമി നികത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ നിരസിച്ചു (2024 സെപ്റ്റംബർ). അങ്ങനെ നിർദ്ദിഷ്ട വികസന ഉദ്ദേശ്യത്തിന് അനുയോജ്യമല്ലാത്ത ഭൂമി വാങ്ങിയതിന്റെ ഫലമായി ₹6.45 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായി.

കോൺക്രീറ്റ് തൂണുകൾക്ക് മുകളിൽ ഒരു പ്ലാറ്റ്ഫോം നിർമ്മിച്ച് അതിൽ പ്ലാന്റ് നിർമ്മിക്കാൻ കോർപ്പറേഷൻ നിർദ്ദേശിച്ചെന്നും നിർമ്മാണം പരിസ്ഥിതിക്ക് ഒരു അപകടവും വരുത്തുകയില്ലാ എന്നുമായിരുന്നു കോർപ്പറേഷന്റെ നിലപാട് എന്നും സർക്കാർ അറിയിച്ചു (2024 നവംബർ). കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും ഹെൽത്ത് സൂപ്പർവൈസറുടെയും സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വാങ്ങിയതെന്നും പ്രസ്താവിച്ചു. കൂടാതെ, എസ്ടിപി നിർമ്മാണത്തിനു പുറമേ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളും കോർപ്പറേഷൻ വിഭാവനം ചെയ്തിരുന്നു എന്നും സർക്കാർ അറിയിച്ചു.

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ 2008ലെ വാലിഡേഷൻ റിപ്പോർട്ടിൽ പ്രസ്തുത ഭൂമിയെ 'ജലാശയം' ആയി തരംതിരിച്ചിട്ടുള്ളതും, കൃഷിവകുപ്പ് സൂക്ഷിച്ചിരുന്ന ഡാറ്റാബാങ്കിൽ നെൽവയലായി ഉൾപ്പെടുത്തിയിട്ടുള്ളതുമായതിനാൽ, വാങ്ങുന്നതിന് മുമ്പ് കോർപ്പറേഷൻ ഭൂമിയുടെ അനുയോജ്യത ഉറപ്പാക്കേണ്ടിയിരുന്നു. അതിനാൽ മറുപടി ന്യായീകരിക്കാവുന്നതല്ല. കൂടാതെ, സംയുക്ത ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതുപോലെ, ഭൂമിയുടെ മൂന്ന് വശങ്ങൾ കനാലുകളാലും നാലാമത്തെവശം നെൽപ്പാടങ്ങളാലും ചുറ്റപ്പെട്ടിരുന്നു. കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം, വർഷത്തിൽ ഭൂരിഭാഗം സമയവും പ്രസ്തുത ഭൂമിയിൽ വെള്ളക്കെട്ടുണ്ടായിരുന്നു.

### *5.9.1.2 ഭവന പദ്ധതി നടപ്പാക്കുന്നതിനായി നെൽവയൽ വാങ്ങിയത്*

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പുല്ലൂറ്റ് വില്ലേജിൽ 2011 മാർച്ചിലും, 2013 മാർച്ചിലും യഥാക്രമം 1.78 ഏക്കറും 1.58 ഏക്കറും വിസ്തൃതിയുള്ള രണ്ടു പ്ലോട്ടുകൾ പട്ടികജാതിയിലും പൊതുവിഭാഗത്തിലുമുള്ള 144 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സൗകര്യം ഒരുക്കുന്നതിനായി ₹1.05 കോടി ചെലവിൽ വാങ്ങി. വാങ്ങിയ ഭൂമി വെള്ളക്കെട്ടുള്ള നെൽവയൽ ആയതിനാലും 2008ലെ കേരള നെൽവയലും തണ്ണീർത്തട സംരക്ഷണനിയമം നെൽവയലുകൾ നികത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാലും മുനിസിപ്പാലിറ്റി ആ ഭൂമിയിൽ വീട് നിർമ്മാണത്തിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചില്ല. 1.58 ഏക്കർ ഭൂമിയിലേക്ക് റോഡ് സൗകര്യം ഇല്ലെന്നും 1.78 ഏക്കർ ഭൂമിയിലേക്ക് മൂന്ന് മീറ്റർ വീതിയുള്ള റോഡ് മാത്രമേ ഉള്ളൂവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. വാങ്ങിയ ഉദ്ദേശ്യത്തിന് അനുയോജ്യമാണെന്ന് ഉറപ്പാക്കാതെ ഭൂമി വാങ്ങിയതിനാൽ ₹1.05 കോടിയുടെ ചെലവ് നിഷ്ഫലമാക്കുകയും ഉദ്ദേശിച്ച പ്രയോജനം ലഭിക്കാതെ വരികയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഭൂമി കോസ്റ്റൽ റെഗുലേഷൻ സോൺ IIൽ ഉൾപ്പെട്ടതാണെന്നും തണ്ണീർത്തടത്തിനു കീഴിൽ വരുമെന്നും ഒരു ഭവന പദ്ധതിക്ക് അനുയോജ്യമല്ലെന്നും, ഓഡിറ്റ് നിരീക്ഷണത്തോട് യോജിച്ചുകൊണ്ട്, സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ഭൂമി

[48] 1971ൽ റാംസറിൽ നടന്ന അന്താരാഷ്ട്ര തണ്ണീർത്തട കൺവെൻഷന്റെ പ്രതികരണമായി, 1.51 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള വേമ്പനാട്-കോൾ തണ്ണീർത്തടങ്ങൾ 2002ൽ റാംസർ സൈറ്റായി ഉൾപ്പെടുത്തി

വാങ്ങിയതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് കഴിഞ്ഞ ഏഴ് വർഷമായി നിലനിൽക്കുന്നുണ്ടെന്നും പ്രസ്താവിച്ചു.

### 5.9.2 അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിച്ചത് പ്രവൃത്തി ഉപേക്ഷിക്കുന്നതിനും പാഴ്ചെലവിനും ഇടയാക്കിയത്

പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല പരിശോധനയും മണ്ണ് പരിശോധനയും നടത്തി എഞ്ചിനീയറിംഗ് വിഭാഗം സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കണമെന്ന് കെപിഡബ്ല്യുഡി മാനുവൽ അനുശാസിക്കുന്നു. എന്നാൽ, സ്ത്രീ ശാക്തീകരണം, വൃദ്ധജനങ്ങളുടെ ക്ഷേമം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം തുടങ്ങിയ വിവിധ സേവന പദ്ധതികളുടെ കാര്യത്തിൽ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ അവസ്ഥ ഉറപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നതുപോലെ ഇത് ജോലിയുടെ വ്യാപ്തിയിലെ മാറ്റങ്ങൾ, സമയത്തിന്റെയും ചെലവിന്റെയും വർദ്ധനവ്, ₹7.96 കോടിയുടെ നിഷ്ഫലമായ ചെലവ് എന്നിവയ്ക്ക് ഇടയാക്കി.

#### *5.9.2.1 നദീതീരം/കുളം/തണ്ണീർത്തടം എന്നിവിടങ്ങളിലെ നിർമ്മാണം*

***തിരുവനന്തപുരം കോർപ്പറേഷനിലെ കഴക്കൂട്ടത്തുള്ള വനിതാ ഉപജീവന കേന്ദ്രം***

വനിതാ സംരംഭകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴക്കൂട്ടം സോണിൽ മൂന്ന് നിലകൾ ഉള്ള വനിതാ ഉപജീവന കേന്ദ്രത്തിന്റെ നിർമ്മാണം ₹96.30 ലക്ഷം ചെലവ് കണക്കാക്കി തിരുവനന്തപുരം കോർപ്പറേഷൻ അംഗീകൃത ഏജൻസി ആയ കോസ്റ്റ്ഫോർഡിനെ ഏൽപ്പിച്ചു (2018 മാർച്ച്). കോസ്റ്റ്ഫോർഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2018 ഫെബ്രുവരിയിൽ സാങ്കേതിക അനുമതി നൽകി. 2018 മാർച്ചിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും ഭൂമിയിലെ വെള്ളക്കെട്ട് കാരണം ₹77.04 ലക്ഷം[49] ചെലവഴിച്ച് കെട്ടിടത്തിന്റെ പുറമെയുള്ള ഘടനമാത്രം പൂർത്തിയാക്കിയശേഷം 2020 ഒക്ടോബറിൽ പ്രവൃത്തി നിർത്തിവച്ചു. സംയുക്ത ഭൗതിക പരിശോധനയിൽ (2023 ഓഗസ്റ്റ്) ഭൂമി ഒരു കുളത്തിന്റെ തൊട്ടരികിൽ സ്ഥിതി ചെയ്യുന്നതായും ഭൂമിയിൽ വെള്ളം കെട്ടിക്കിടക്കുന്നതായും ഓഡിറ്റ് നിരീക്ഷിച്ചു. കോർപ്പറേഷൻ 2017 സെപ്റ്റംബറിൽ നടത്തിയ സ്ഥല പരിശോധനയിൽ ഭൂജല വിതാനം ഭൂതലത്തിന് വളരെ അടുത്തായി (0.5 മീറ്റർ) സ്ഥിതി ചെയ്യുന്നതായും മണ്ണിന് ഭാരം താങ്ങാനുള്ള ശേഷി വളരെ കുറവാണെന്നും കണ്ടെത്തിയതിനാൽ, കോർപ്പറേഷനും കോസ്റ്റ്ഫോർഡും ഭൂമിയുടെ പരിമിതികളെക്കുറിച്ച് ബോധവാൻമാരായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ഭൂമി അനുയോജ്യമല്ല എന്ന് അറിഞ്ഞിട്ടും പ്രവൃത്തി നടത്താനുള്ള കോർപ്പറേഷന്റെ തീരുമാനം ₹77.04 ലക്ഷത്തിന്റെ പാഴ്ചെലവിന് കാരണമായി.




***ചിത്രം 5.2 : പൂർത്തിയാകാതെ കിടക്കുന്ന വനിതാ ഉപജീവന കേന്ദ്രം. ഓഡിറ്റ് 2023 ജൂലൈ 19 ന് എടുത്ത ചിത്രം***

കോർപ്പറേഷനിൽ നിന്ന് ഈ പ്രശ്നത്തെക്കുറിച്ച് റിപ്പോർട്ട് ലഭിച്ചതിന് ശേഷം ആവശ്യമായ നടപടി എടുക്കുമെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ).

---

[49] ₹77.04 ലക്ഷത്തിൽ, ₹14.06 ലക്ഷം കോസ്റ്റ്ഫോർഡിൽ തന്നെ നിൽക്കുന്നു

***തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നെൽവയൽ ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത്***

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കോവിലകത്തുംപാടത്ത് ₹15.30 കോടി ചെലവിൽ 2019 ഒക്ടോബറിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചു. മെസ്സേഴ്സ് ഇഎൻഎആർസി കൾസൾട്ടന്റ്സ് ₹40.56 ലക്ഷം ചെലവിൽ പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കി. ഡാറ്റാബാങ്കിൽ പ്രസ്തുത ഭൂമി നെൽവയലായി ഉൾപ്പെടുത്തിയിരുന്നിട്ടും 2008ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് കോർപ്പറേഷൻ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി മുന്നോട്ട് പോവുകയും ഇത് പൊതുജനങ്ങളുടെ പരാതികൾക്കും തുടർന്ന് നിർമ്മാണം നിർത്തി വയ്ക്കാനും ഭൂമി പൂർവ്വസ്ഥിതിയിലാക്കാനുമുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശത്തിനും കാരണമായി (2021 മെയ്). എന്നാൽ, മുനിസിപ്പൽ കോർപ്പറേഷൻ ജില്ലാകളക്ടറുടെ ഉത്തരവുകൾ ലംഘിച്ച് 2022 ഓഗസ്റ്റ് വരെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം തുടർന്നു. കോർപ്പറേഷൻ പദ്ധതിക്കായി ₹6.23 കോടി ചെലവഴിക്കുകയും ഭാഗികമായി നിർമ്മിച്ച കെട്ടിടത്തോടുകൂടി പ്രവൃത്തി അപൂർണ്ണമായി നിലയ്ക്കുകയും ചെയ്തു (2024 നവംബർ).

***റിവേഴ്സ് ഓസ്മോസിസ് ജലശുദ്ധീകരണ പ്ലാന്റിനുള്ള കെട്ടിട നിർമ്മാണം***

നമ്പ്രം വാർഡിൽ നദീതടത്തിൽ നിന്ന് 10 മീറ്റർ അകലത്തിൽ ഒരു നദി പുറമ്പോക്കിൽ[50] ₹10 ലക്ഷം ചെലവിൽ റിവേഴ്സ് ഓസ്മോസിസ് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഒരു കെട്ടിടത്തിന്റെ നിർമ്മാണം പട്ടാമ്പി മുനിസിപ്പാലിറ്റി ആരംഭിച്ചു (2019 ഏപ്രിൽ). താഴത്തെ നിലയുടെ അടിത്തറയും തൂണുകളും പൂർത്തിയായപ്പോൾ മഴക്കാലത്ത് കെട്ടിടം വെള്ളത്തിൽ മുങ്ങി. അതിനാൽ, വാതിലുകൾ, ജനാലകൾ, ഫിനിഷിംഗ് ജോലികൾ എന്നിവ ഒഴിവാക്കി തൂണുകളുടെ ഉയരം വർദ്ധിപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും ₹9.06 ലക്ഷം ചെലവഴിച്ച് ഒന്നാം നില താഴത്തെ നിലയുടെ തൂണുകളിൽ നിർമ്മിക്കുകയും ചെയ്തു (2021 ജനുവരി). എന്നാൽ, അതിന് ശേഷം കൂടുതൽ പുരോഗതി ഉണ്ടായിട്ടില്ല. കെട്ടിടത്തിലേക്ക് വാഹനങ്ങൾക്ക് പ്രവേശിക്കാൻ റോഡ് ലഭ്യമല്ലെന്നും കെട്ടിടം അപൂർണ്ണവും ഉപേക്ഷിക്കപ്പെട്ട നിലയിലുമാണെന്നും ഓഡിറ്റ് സംയുക്ത സ്ഥല പരിശോധനയിൽ കണ്ടെത്തി. അങ്ങനെ, മുനിസിപ്പാലിറ്റി സ്ഥലത്തിന്റെ അനുയോജ്യത വിലയിരുത്താത്തതിന്റെ ഫലമായി ₹9.06 ലക്ഷത്തിന്റെ നിഷ്ഫല ചെലവ് സംഭവിക്കുകയും പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഫിൽട്ടർ ചെയ്ത ജലം നൽകുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുകയും ചെയ്തു.

പ്രസ്തുത സ്ഥലത്തേക്ക് പ്രവേശനം ലഭ്യമാക്കുമെന്നും ഇക്കാര്യത്തിൽ ഇനിയുള്ള പുരോഗതി നിരീക്ഷിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

### *5.9.2.2 ഡമ്പിംഗ് യാർഡിലെ നിർമ്മാണങ്ങൾ*

***ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം***

പള്ളിക്കുളത്ത് ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ (ഒഡബ്ല്യുസി) സ്ഥാപിക്കുന്നതിനായി ₹45.63 ലക്ഷം ചെലവഴിച്ച് തൃശ്ശൂർ കോർപ്പറേഷൻ ഒരു കെട്ടിടം നിർമ്മിച്ചു (2020 നവംബർ). പഴയ ഒരു ഡമ്പിംഗ് ഗ്രൗണ്ടിലെ ഒരു കുളത്തിന് അടുത്താണ് കെട്ടിടം നിർമ്മിച്ചത്. 2023 ജൂലൈയിൽ ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ കെട്ടിടം തകർന്ന അവസ്ഥയിൽ കണ്ടു. തിരഞ്ഞെടുത്ത സ്ഥലം ഒരു പഴയ ഡമ്പിംഗ് ഗ്രൗണ്ടും ഒരു കുളത്തോട് ചേർന്ന സ്ഥലവും ആയിരുന്നിട്ടും കെട്ടിടം പണിയുന്നതിന് മുമ്പ് മണ്ണ് പരിശോധന നടത്തിയിട്ടില്ലെന്ന് രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ വ്യക്തമായി. നിർമ്മിക്കാൻ ഉദ്ദേശിച്ച കെട്ടിടം ഷീറ്റ് മേൽക്കൂരയുള്ള ഒറ്റനില

---

[50] പൊതു ആവശ്യങ്ങൾക്കോ ഗ്രാമീണരുടെ പൊതു ഉപയോഗത്തിനു വേണ്ടിയോ കരുതി വച്ചിരിക്കുന്ന തിട്ടപ്പെടുത്തിയിട്ടില്ലാത്ത സർക്കാരിന്റെ സ്വത്തുക്കൾ.



ചിത്രം 5.3 : തകർന്നു പോയ ഒഡബ്ല്യുസി പ്ലാന്റ്. ഓഡിറ്റ് 2023 ജൂൺ 15 ൽ എടുത്ത ചിത്രം

കെട്ടിടമായതിനാൽ മണ്ണ് പരിശോധന നടത്തിയില്ല എന്ന് കോർപ്പറേഷൻ മറുപടി നൽകി. കൂടാതെ, കനത്തമഴയിൽ കുളത്തിന് അടുത്തുള്ള സംരക്ഷണ ഭിത്തി ഇടിഞ്ഞുവീണത് അടിത്തറയോട് ചേർന്നുള്ള മണ്ണ് ഒലിച്ച് പോകാനും കെട്ടിടം തകരാനും കാരണമായി. സ്ഥലത്തിന്റെ പ്രത്യേകതകൾ അതായത് കുളത്തിന്റെ സാമീപ്യം, ഡമ്പ് സൈറ്റ് എന്നീ കാര്യങ്ങൾ കെട്ടിടം നിർമ്മിക്കുമ്പോൾ കോർപ്പറേഷൻ കണക്കിലെടുക്കണമായിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല. കെട്ടിടത്തിന്റെ സ്ഥിരത ഉറപ്പാക്കാൻ മതിയായ നടപടികൾ സ്വീകരിക്കാതെ ഒരു ഡമ്പ് സൈറ്റിൽ കെട്ടിടം നിർമ്മിച്ചതിനാൽ ₹45.63 ലക്ഷത്തിന്റെ നഷ്ടമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. നിർമ്മാണ വേളയിൽ മൂന്ന് മീറ്റർ വരെ ആഴത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും മണ്ണും നീക്കിയതായി സർക്കാർ അറിയിച്ചു (2024 നവംബർ). കുളത്തിന് അടുത്തുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണം 2022 ജൂലൈയിൽ ആരംഭിച്ചെങ്കിലും, കുളത്തിന്റെ വശത്ത് അധികമായി മരവും മണ്ണും ഉണ്ടായിരുന്നതിനാൽ സംരക്ഷണഭിത്തി തകരുകയും കെട്ടിടത്തിന് കേടുപാടുകൾ ഉണ്ടാകുകയും ചെയ്തുവെന്നും പ്രസ്താവിച്ചു. എന്നാൽ, അടിത്തട്ടിലുള്ള മണ്ണിന്റെ അവസ്ഥ, ഭാരം വഹിക്കാനുള്ള ശേഷി, ആവശ്യമായ അടിത്തറയുടെ തരം എന്നിവ കണ്ടെത്തുന്നതിന് മണ്ണ് പരിശോധന നടത്തിയില്ല എന്ന വസ്തുത നിലനിൽക്കുന്നു. ഇത് സ്ഥലത്തിന്റെ അവസ്ഥക്ക് അനുയോജ്യമല്ലാത്ത കെട്ടിട നിർമ്മാണത്തിനും അതിന്റെ ഫലമായി കെട്ടിടം തകരുന്നതിനും പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നതിനും ഇടയാക്കി.

### *കൊച്ചി കോർപ്പറേഷന്റെ പകൽവീട് നിർമ്മാണം*

ഇടപ്പള്ളി സോണിലെ ഒരു ഡമ്പ് യാർഡിൽ ₹40 ലക്ഷം അടങ്കൽ തുകയായി ഒരു പകൽവീടിന്റെ (ഒരു വർഷത്തെ പദ്ധതി) നിർമ്മാണം കൊച്ചി കോർപ്പറേഷൻ ആരംഭിച്ചു (2021 ഒക്ടോബർ). പ്രവൃത്തി ആരംഭിച്ചതിന് ശേഷം മാലിന്യവും മലിനജലവും മണ്ണിനെ അയഞ്ഞതും ചതുപ്പുമാക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനാൽ കോർപ്പറേഷൻ മണ്ണ് പരിശോധന നടത്തുകയും (2022 ജനുവരി) ₹40 ലക്ഷത്തിന്റെ ഭരണാനുമതിക്കുള്ളിൽ അടിത്തറമാത്രം പൂർത്തിയാക്കുംവിധം അടങ്കൽ പരിഷ്കരിക്കുകയും ചെയ്തു. ₹35.43 ലക്ഷം ചെലവഴിച്ച് അടിത്തറയുടെ പ്രവൃത്തികൾ പൂർത്തിയാക്കി (2023 മാർച്ച്). സംയുക്ത ഭൗതിക പരിശോധനയിൽ (2023 ജൂലൈ) നിർമ്മാണത്തിൽ കൂടുതൽ പുരോഗതി ഉണ്ടായിട്ടില്ലെന്നും സൈറ്റിനോട് ചേർന്നസ്ഥലം ഒരു ഡമ്പ് യാർഡ് ആയി ഉപയോഗിക്കുന്നതായും ഓഡിറ്റ് ശ്രദ്ധിച്ചു. തെറ്റായ സ്ഥലം തിരഞ്ഞെടുത്തതും, പ്രവൃത്തിയുടെ കരാർ നൽകുന്നതിന് മുമ്പ് നടത്തേണ്ടിയിരുന്ന നിർബന്ധിത സ്ഥല പരിശോധനകളും സാധ്യതാ പഠനങ്ങളും നടത്താത്തതും ചെലവ് അധികരിക്കുന്നതിനും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കോമ്പൗണ്ടിന്റെ ചുറ്റുമുള്ള പ്രദേശത്തെ മണ്ണിന്റെ ഉപരിതലം കണക്കിലെടുത്താണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ഭൂമിക്കടിയിലെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് കോർപ്പറേഷന് അറിയില്ലായിരുന്നുവെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണെന്നും പ്രസ്താവിച്ചു.

ഒരു കെട്ടിടം പ്രത്യേകിച്ചും ഒരു ഡമ്പ് യാർഡിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് നിർബന്ധിത സ്ഥല പരിശോധന നടത്താത്തത്, പ്രവൃത്തി തുടങ്ങി മൂന്ന് വർഷം കഴിഞ്ഞിട്ടും (ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിച്ചത്) പൂർത്തിയാക്കാൻ കഴിയാത്തതിലേക്ക് നയിച്ചതിനാൽ മറുപടി ന്യായീകരിക്കാൻ കഴിയുന്നതല്ല. കൂടാതെ, 2025 ജനുവരിയിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ബീമുകളും തൂണുകളും മാത്രമേ നിർമ്മിച്ചിട്ടുള്ളൂവെന്നും കെട്ടിടത്തിനടുത്തായി ജൈവ അജൈവ മാലിന്യങ്ങളുടെ വലിയ കൂമ്പാരങ്ങളും കണ്ടു.

***മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയുടെ നിർമ്മാണം***

പട്ടാമ്പി മുനിസിപ്പാലിറ്റി ഒരു ഖരമാലിന്യ ഡമ്പ് യാർഡിൽ ₹6.18 ലക്ഷം ചെലവിൽ ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എംആർഎഫ്) ഷെഡ് നിർമ്മിച്ചു (2018 ഏപ്രിൽ). മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ മാലിന്യത്തിന് മുകളിലായാണ് കെട്ടിടം പണിതതെന്ന് (2023 ജനുവരി) ഓഡിറ്റ് നിരീക്ഷിച്ചു. പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ടിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതിനാൽ, അടിത്തറയ്ക്ക് ബലക്ഷയം ഉണ്ടാവുകയും ചുവരുകളിൽ വലിയ വിള്ളലുകൾ പ്രത്യക്ഷപ്പെടുകയും ടൈലുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഇതുമൂലം കെട്ടിടം ഉപയോഗിക്കാൻ കഴിയാതെ വരികയും വാങ്ങിയ എംആർഎഫ് യന്ത്രങ്ങൾ സമീപത്തു നിർമ്മിച്ച ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് ഷെഡ്ഡിൽ സ്ഥാപിക്കുകയും ചെയ്തു. സ്ഥല പരിശോധന നടത്താതെ കെട്ടിട നിർമ്മാണം നടത്തിയത് ₹6.18 ലക്ഷത്തിന്റെ നിഷ്ഫല ചെലവിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.




***ചിത്രം 5.4 : കേടുവന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ഓഡിറ്റ് 2024 ഏപ്രിൽ 18 ൽ എടുത്ത ചിത്രം***

അനുയോജ്യമായ മറ്റൊരു സ്ഥലം നിർമ്മാണ സമയത്ത് ലഭ്യമല്ലായിരുന്നുവെന്നും ശുചിത്വ മിഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും അവരുടെ വെബ്സൈറ്റിൽ ലഭ്യമായ അളവുകളിലും പ്ലാനിലുമാണ് കെട്ടിടം നിർമ്മിച്ചതെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ഒരു മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആയി ഉപയോഗിക്കാൻ ഹരിത കർമ്മസേനക്ക് കെട്ടിടം കൈമാറിയതായും പ്രസ്താവിച്ചു.

ശരിയായ സ്ഥലപരിശോധന നടത്താതെയുള്ള കെട്ടിട നിർമ്മാണം കെട്ടിടത്തിനു കേടുപാടുകൾ സംഭവിക്കുന്നതിന് കാരണമായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, കെട്ടിടത്തെ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും അറ്റകുറ്റപ്പണികൾ/ബലപ്പെടുത്തൽ ജോലികൾ നടത്തിയതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല. കേടുപാടുകൾ സംഭവിച്ച കെട്ടിടം ഏത് ആവശ്യത്തിനായി ഉപയോഗിക്കുന്നതിലും കാര്യമായ അപകട സാധ്യത നിലനിൽക്കുന്നു.

### *5.9.2.3 കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ ലംഘിച്ചുള്ള നിർമ്മാണങ്ങൾ*

***കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ ലംഘിച്ച് കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം***

കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ, 1999 (കെഎംബിആർ) പ്രകാരം ഓരോ നിലയിലും 300 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കമ്മ്യൂണിറ്റി ഹാളുകൾക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ ചുരുങ്ങിയ വീതി അഞ്ചുമീറ്റർ ഉണ്ടായിരിക്കണം. ആറ്റുകാലിൽ 700 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള രണ്ടു നിലയുള്ള കമ്മ്യൂണിറ്റിഹാൾ കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ 2017-19ൽ ₹95 ലക്ഷം

ചെലവിൽ രണ്ട് പദ്ധതികൾ[51] ആവിഷ്കരിച്ചു. കെഎംബിആർ അനുസരിച്ച് തെരുവിന്റെ വീതി അഞ്ച് മീറ്ററായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, കെട്ടിടത്തിലേക്കുള്ള പ്രവേശനം നൽകുന്ന തെരുവിന് (135 മീറ്റർ നീളം) മൂന്ന് മീറ്ററിൽ താഴെ മാത്രമേ വീതി ഉണ്ടായിരുന്നുള്ളൂ. ₹69.38 ലക്ഷം ചെലവഴിച്ച് കെട്ടിടത്തിന്റെ ഘടന പൂർത്തിയാക്കിയതിനുശേഷം യാതൊരു കാരണവും രേഖപ്പെടുത്താതെ കോർപ്പറേഷൻ പ്രവൃത്തി നിർത്തിവച്ചതായി (2021 മാർച്ച്) ഓഡിറ്റിൽ കണ്ടെത്തി. നിർമ്മാണം അപൂർണ്ണമാണെന്നും 700 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള രണ്ട് നിലകളിലുള്ള ഘടന മാത്രമാണ് നിർമ്മിച്ചതെന്നും സംയുക്ത ഭൗതിക പരിശോധനയിൽ (2023 ഓഗസ്റ്റ്) കണ്ടെത്തി. കെട്ടിടം പൂർത്തിയാക്കാത്തത് ₹69.38 ലക്ഷത്തിന്റെ നിഷ്ഫല ചെലവിന് ഇടയാക്കി. നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഉത്തരവാദിത്തമുള്ള അതോറിറ്റി തന്നെ നിയമങ്ങൾ ലംഘിക്കുന്നത്, സർക്കാർ പുറപ്പെടുവിച്ച നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിലുള്ള അവഗണനയെ സൂചിപ്പിക്കുന്നു.

സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായതായും, കെട്ടിടത്തിന്റെ താഴത്തെ നില അംഗൻവാടി/ജിമ്മിനായി ഉദ്ദേശിക്കുന്നതായും ഒന്നാം നില ഹോമിയോ ഡിസ്പെൻസറിയായി പ്രവർത്തിക്കുന്നതായും സർക്കാർ അറിയിച്ചു (2024 നവംബർ).

എന്നാൽ 2024 നവംബർ 29ന് കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ സർക്കാർ അവകാശപ്പെടുന്നതുപോലെ സിവിൽ/ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായിട്ടില്ലെന്നും ഹോമിയോ ഡിസ്പെൻസറി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ലെന്നും കണ്ടെത്തിയതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, കോർപ്പറേഷന്റെ കെഎംബിആർ ലംഘനത്തെക്കുറിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

### 5.9.3 വാണിജ്യ/ഓഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണത്തിലെ അമിതമായ കാലതാമസം

അനുയോജ്യമല്ലാത്ത സ്ഥലം തിരഞ്ഞെടുക്കുന്നതും തെറ്റായതോ അപര്യാപ്തമായതോ ആയ ഡാറ്റയെ അടിസ്ഥാനമാക്കി ഡിസൈനുകൾ തയ്യാറാക്കുന്നതും ഗണ്യമായതും ഒഴിവാക്കാവുന്നതുമായ ചെലവുകൾക്കും കാലതാമസങ്ങൾക്കും ഇടയാക്കും. കൂടാതെ, കെട്ടിട നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കേണ്ടതും ഒരു പ്രധാന ഘടകമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അശ്രദ്ധയും ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ നിർമ്മാണം ആരംഭിച്ചതും ഇത് തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്ന പോലെ വാണിജ്യ/സ്ഥാപന സംബന്ധിയായ കെട്ടിടങ്ങളുടെ പൂർത്തീകരണത്തിൽ അമിതമായ കാലതാമസം ഉണ്ടാകുന്നതിനും നിഷ്ഫലമായ ചെലവുകൾ/ഫണ്ട് തടസ്സപ്പെടൽ എന്നിവയ്ക്കും ഇടയാക്കിയെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *5.9.3.1 പാലക്കാട് മുനിസിപ്പാലിറ്റിയിൽ ഫണ്ടിന്റെ അഭാവം മൂലം അപൂർണ്ണമായി തുടരുന്ന വാണിജ്യ ഓഫീസ് കെട്ടിടങ്ങൾ*

പാലക്കാട് മുനിസിപ്പാലിറ്റി വികസന ഫണ്ടിൽ നിന്നും ₹23.11 കോടി ചെലവ് കണക്കാക്കി ഏഴ് കെട്ടിടങ്ങൾ (ആറ് വാണിജ്യ കെട്ടിടങ്ങളും മുനിസിപ്പാലിറ്റി ഓഫീസിനായി ഒരു അനുബന്ധ കെട്ടിടവും) നിർമ്മിക്കുന്നതിന് ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു (2017 മെയ്). മുനിസിപ്പാലിറ്റിയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വാടക വരുമാനം ലഭിക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതും ഓഫീസ് വിപുലീകരിക്കുക എന്നതും ലക്ഷ്യമായിരുന്നു. ഏഴ് പ്രവൃത്തികളും അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിക്കുകയും (2018 മാർച്ച്) നിർമ്മാണ കാലാവധി രണ്ടു വർഷമായി നിശ്ചയിച്ചുകൊണ്ട് എല്ലാ പ്രവൃത്തികൾക്കും ഒരേ ദിവസം തന്നെ (2018 മാർച്ച് 26)

[51] ആദ്യപദ്ധതി 2017-18ൽ ₹35 ലക്ഷം ചെലവിൽ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിനും, രണ്ടാമത്തേത് 2018-19ൽ ₹60 ലക്ഷം ചെലവിൽ ഗ്രൗണ്ട് ഫ്ലോർ പൂർത്തിയാക്കുന്നതിനും ഒന്നാം നിലയുടെ നിർമ്മാണത്തിനും ആയിരുന്നു.

മുനിസിപ്പാലിറ്റി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ, 2020 ഡിസംബറോടുകൂടി ₹14.17 കോടി ചെലവിൽ കെട്ടിടങ്ങളുടെ പുറം ഘടനയുടെ നിർമ്മാണം മാത്രമാണ് പൂർത്തിയായത്. അതിന് ശേഷം ഫണ്ടിന്റെ കുറവ് കാരണം യാതൊരു പുരോഗതിയും ഉണ്ടായില്ല. ഇതിൽ മൂന്ന് കെട്ടിടങ്ങൾ പാട്ടത്തിന് നൽകുന്നതിനായി മുനിസിപ്പാലിറ്റി ലേലം നടത്തിയെങ്കിലും (2021 ജനുവരി) ആരും ഏറ്റെടുത്തില്ല. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ ഏഴ് പ്രവൃത്തികളും ഒരുമിച്ച് ആരംഭിച്ചതിനാൽ ₹14.17 കോടി ചെലവഴിച്ച് ആറ് വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട്, ഏഴ് കെട്ടിടങ്ങളിൽ നാല് എണ്ണത്തിന്റെ നിർമ്മാണത്തിന് പ്രത്യേക സഹായ വായ്പയായി ₹20 കോടി അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണത്തിനായി ടെൻഡർ ക്ഷണിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2024 നവംബർ).

### *5.9.3.2 നിർമ്മാണം തുടങ്ങി 17 വർഷങ്ങൾക്ക് ശേഷവും പൂർത്തിയാകാത്ത കൊച്ചി കോർപ്പറേഷൻ ഓഫീസ് കെട്ടിടം*

കൊച്ചി കോർപ്പറേഷനു വേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തി ₹18.83 കോടിയ്ക്ക് (2004 എസ്ഒആർ) 20 മാസം പൂർത്തിയാക്കൽ കാലാവധി നിശ്ചയിച്ച് ഒരു കരാറുകാരന് (സിവിൽ വർക്ക്) നൽകി (2006 ഏപ്രിൽ). പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ 2006 ജൂലൈയിൽ ഭരണാനുമതി നൽകി. പ്രവൃത്തി ആരംഭിച്ചെങ്കിലും, അംഗീകൃത എസ്റ്റിമേറ്റിൽ കോർപ്പറേഷൻ കൊണ്ടു വന്ന നിരവധി വ്യത്യാസങ്ങളും തുടർന്ന് കരാറുകാരനും കോർപ്പറേഷനുമായി ഉണ്ടായ തർക്കങ്ങളും കാരണം 2008 ഏപ്രിലിൽ കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചു. ഈ കാലയളവിൽ കരാറുകാരന് ₹6.10 കോടി നൽകി. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദാക്കാൻ കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചെങ്കിലും കരാറുകാരൻ ഫയൽ ചെയ്ത പരാതിയിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാക്കി പ്രവൃത്തികളും അതേ കരാറുകാരന് തന്നെ നൽകുകയും എസ്റ്റിമേറ്റ് ₹18.70 കോടിയായി പരിഷ്കരിക്കുകയും ചെയ്തു (2015 മെയ്). പിന്നീട്, പുതുക്കിയ എസ്റ്റിമേറ്റിൽ നിരവധി വ്യതിയാനങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്തുകയും ബാക്കി ജോലികൾ ചെയ്യുന്നതിനായി എസ്റ്റിമേറ്റ് വീണ്ടും ₹24.71 കോടിയായി പരിഷ്കരിക്കുകയും ചെയ്തു (2018 ജൂലൈ). ₹25.70 കോടി ചെലവഴിച്ചിട്ടും (2024 ഡിസംബർ) പ്രവൃത്തി പൂർത്തിയാകാതെ തുടരുന്നു. ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2024 ഡിസംബർ) കെട്ടിടത്തിന്റെ അടിത്തറയിൽ 1.5 അടി ഉയരത്തിൽ വെള്ളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വെള്ളക്കെട്ട് പരിഹരിക്കാൻ കരാറുകാരനോട് നിർദ്ദേശിച്ചെങ്കിലും (2023 ഡിസംബർ) പരിഹാര നടപടികൾ എടുത്തില്ലെന്ന് കോർപ്പറേഷൻ പ്രസ്താവിച്ചു (2024 ഡിസംബർ). ഇടക്കിടെയുള്ള എസ്റ്റിമേറ്റ് പുതുക്കൽ, ജോലിയുടെ മെല്ലെ പോക്ക്, തനത് ഫണ്ടിന്റെ അപര്യാപ്തത മുതലായവ ചെലവ് വർദ്ധിക്കുന്നതിനും 17 വർഷങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തിയാകാതിരിക്കുന്നതിനും കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കെട്ടിടത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും 2025 ജനുവരിയിൽ പൂർത്തിയാകുമെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). എന്നാൽ, പ്രവൃത്തി ആരംഭിച്ച് 17 വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടം പൂർത്തിയാകാത്തതിനെക്കുറിച്ച് സർക്കാർ വ്യക്തമായ പരാമർശം നടത്തിയില്ല.

### *5.9.3.3 ഷൊർണൂർ മുനിസിപ്പാലിറ്റിയുടെ ടൗൺ ഹാൾ കെട്ടിടത്തിന്റെ നിർമ്മാണം*

കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളുമുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് 2012ലെ കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന്റെ മാനുവലും പദ്ധതി രൂപീകരണ മാർഗ്ഗരേഖകളും നിർദ്ദേശിക്കുന്നു. വിശദമായ എസ്റ്റിമേറ്റിൽ വൈദ്യുതീകരണം, പ്ലംബിംഗ് എന്നിവയുള്ള മൊത്തം തുക ഉൾപ്പെടുത്തണമെന്നും ഭാഗിക നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്യരുതെന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഷൊർണൂർ മുനിസിപ്പാലിറ്റി കുളപ്പുള്ളിയിൽ ഒരു ടൗൺഹാൾ കെട്ടിടം (4000 ചതുരശ്രമീറ്റർ) നിർമ്മിക്കുന്നതിനും അത് പൂർത്തിയാക്കുന്നതിനുമായി യഥാക്രമം 2015-16ലും 2021-22ലും ആയി ആകെ ₹2.47 കോടി ചെലവുള്ള രണ്ടു പദ്ധതികൾക്ക് രൂപം നൽകി. എന്നാൽ, കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്താതെയാണ് രണ്ടു പദ്ധതികളും രൂപീകരിച്ചത്. ആദ്യ പദ്ധതിയിൽ ₹97.20 ലക്ഷത്തിന് ഇരുനില ടൗൺ ഹാൾ കെട്ടിടത്തിന്റെ ഒരു ഭാഗത്തിന്റെ തുറന്ന ഘടന[52] യുടെ നിർമ്മാണം മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ, രണ്ടാമത്തെ പദ്ധതിയിൽ പ്ലാസ്റ്ററിംഗ്, തറയിടൽ, പെയിന്റിംഗ്, പ്ലംബിംഗ്, വൈദ്യുതീകരണം, എന്നീ ഫിനിഷിംഗ് ജോലികൾ ഉൾപ്പെടുത്താതെ, ₹1.50 കോടി ചെലവിൽ കെട്ടിടത്തിന്റെ ഘടന, ചുവരുകൾ, ഷീറ്റ് മേൽക്കൂര എന്നിവ നിർമ്മിക്കുന്നതിനായിരുന്നു രൂപം നൽകിയത്. ₹2.47 കോടി ചെലവഴിച്ചെങ്കിലും കെട്ടിടത്തിന്റെ ഭാഗികമായ ഘടനമാത്രം നിർമ്മിക്കാനേ മുൻസിപ്പാലിറ്റിയക്ക് ഇതുവരെ (2023 നവംബർ) സാധിച്ചിട്ടുള്ളൂ. ഫണ്ടിന്റെ അഭാവമാണ് കാലതാമസത്തിന് കാരണമെന്ന് മുനിസിപ്പാലിറ്റി മറുപടി നല്കി. ആസൂത്രണ ഘട്ടത്തിൽ തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാത്തതും ഫണ്ടിന്റെ ആവശ്യകത ഉറപ്പാക്കാത്തതും കാരണം നിർമ്മാണം ആരംഭിച്ച് എട്ട് വർഷം കഴിഞ്ഞിട്ടും കെട്ടിടം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഫണ്ടിന്റെ അഭാവം കാരണം മുനിസിപ്പാലിറ്റി കെട്ടിടം ഘട്ടംഘട്ടമായി നിർമ്മിച്ചുവെന്നും 2024-25ൽ നിർമ്മാണം പൂർത്തിയാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

### 5.9.4 കരാറിന്റെ ഭാഗമായ അവശ്യ ഘടകങ്ങൾ നിർവ്വഹിക്കാതിരിക്കൽ

ഗ്യാസ് ശ്മശാന നിർമ്മാണത്തിനായുള്ള രണ്ട് പദ്ധതികളിൽ, സിവിൽ ജോലികൾ പൂർത്തിയായെങ്കിലും കരാറുകളുടെ ഭാഗമായ ഗ്യാസ് ശ്മശാനം സ്ഥാപിക്കാത്തതിനാൽ, സൃഷ്ടിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമാകുന്നതിനും, പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും, **പട്ടിക 5.3ൽ** നൽകിയിരിക്കുന്നപോലെ ₹44.48 ലക്ഷത്തിന്റെ നിഷ്ഫല ചെലവിനും കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 5.3 : ശ്മശാന കെട്ടിടങ്ങളിലെ അവശ്യഘടകങ്ങൾ പൂർത്തീകരിക്കാത്തത്**

| ക്രമ നമ്പർ | നഗര തദ്ദേശ സ്ഥാപനത്തിന്റെ പേര് | കെട്ടിടം നിർമിച്ച വർഷം | ചെലവ് | അഭിപ്രായങ്ങൾ |
|---|---|---|---|---|
| 1. | തിരുവനന്തപുരം കോർപ്പറേഷൻ (കാഞ്ഞിരംപാറ) | 2022 ജനുവരി | ₹17.88 ലക്ഷം | കണ്ടെത്തിയ സ്ഥലം ജന സാന്ദ്രതയുള്ള ഒരു പട്ടിക ജാതി സെറ്റിൽമെന്റ് ആയിരുന്നു. അവിടെ നേരത്തെ തന്നെ ഒരു പരമ്പരാഗത ശ്മശാനം ഉണ്ടായിരുന്നു. പുറത്തുനിന്നുള്ളവർ ശ്മശാനം ഉപയോഗിക്കുന്നതിനെതിരെ സെറ്റിൽമെന്റ് നിവാസികൾ പ്രതിഷേധിച്ചു. തെറ്റായ സ്ഥലം കണ്ടെത്തിയത് പദ്ധതി ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചു. |
| 2. | വടക്കാഞ്ചേരി നഗരസഭ (എങ്കക്കാട്) | 2015 ഫെബ്രുവരി | ₹26.60 ലക്ഷം | ശ്മശാനം സ്ഥാപിക്കൽ ഉൾപ്പെടെയുള്ള സിവിൽ ജോലികൾ (₹26.60 ലക്ഷം) മെസ്സേർസ്. കോസ്റ്റ്ഫോർഡിനെ ഏൽപ്പിച്ചെങ്കിലും കെട്ടിട നിർമ്മാണം മാത്രമേ (ഫിനിഷിംഗ് ജോലികൾ ഒഴികെ) പൂർത്തി ആയിട്ടുള്ളൂ.<br>പദ്ധതി പൂർത്തീകരിക്കുവാനായി യുഎൽബി ഒരു നടപടിയും എടുത്തില്ല. |

*(ഉറവിടം : മുനിസിപ്പാലിറ്റി നൽകിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)*

52 മേൽക്കൂര, ചുവരുകൾ, പ്ലാസ്റ്ററിംഗ്, തറയിടൽ, പെയിന്റിംഗ്, വൈദ്യുതീകരണം എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല

എങ്കക്കാട്ടിൽ പ്രവൃത്തി സ്ഥലത്ത് കുഴിച്ച കുഴൽ കിണറുകളിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ഗ്യാസ് ശ്മശാനത്തിന്റെ ജോലി നിർത്തിവച്ചതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ആവശ്യമായ ജലം ലഭ്യമാക്കിയശേഷം ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുമെന്നും പ്രസ്താവിച്ചു. കാഞ്ഞിരംപാറയിലെ ശ്മശാനത്തിലെ നിർമ്മാണം ഉപേക്ഷിച്ചതായും സർക്കാർ പ്രസ്താവിച്ചു.

ശ്മശാനങ്ങൾക്കുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിന് മുൻപ് സാധ്യതാ പഠനങ്ങൾ നടത്തിയിട്ടില്ലായെന്ന് മറുപടി സൂചിപ്പിക്കുന്നു.

### 5.9.5 ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ കെട്ടിടങ്ങൾ നിർമ്മിച്ചത്

ടെൻഡർ ക്ഷണിക്കുന്നതിന് മുമ്പ് തടസ്സമില്ലാത്ത ഭൂമി കൈവശമുണ്ടെന്ന് നൂറ് ശതമാനം ഉറപ്പാക്കേണ്ടതാണെന്ന് കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് മാനുവൽ വ്യവസ്ഥ ചെയ്യുന്നു. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണെന്ന് ഉറപ്പാക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഉത്തരവാദിത്തവുമാണ്. എന്നാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (ടിഎംസി) തടസ്സരഹിത ഭൂമി കൈവശമുണ്ടെന്ന് ഉറപ്പാക്കാതെ കെട്ടിടങ്ങൾ നിർമ്മിച്ചു. തൽഫലമായി താഴെ വിശദീകരിച്ചിരിക്കുന്നത് പോലെ പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കാതിരിക്കുകയും ഫണ്ടുകൾ തടസ്സപ്പെട്ടിരിക്കുകയും ചെയ്യുന്നു:

#### *5.9.5.1 സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് കൊണ്ടുള്ള കെട്ടിട നിർമ്മാണം*

വിദ്യാഭ്യാസ ആവശ്യങ്ങൾക്കല്ലാതെ മറ്റൊരു ആവശ്യത്തിനും സ്കൂൾ കെട്ടിടങ്ങളും പരിസരവും ഉപയോഗിക്കരുതെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (2002 ജൂൺ). കൂടാതെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ[53] അടിസ്ഥാനത്തിൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൂമിയിൽ ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഒരു കെട്ടിടവും നിർമ്മിക്കരുതെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകി. സർക്കാർ ഉത്തരവുകൾ ലംഘിച്ചും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങാതെയും (2018-19ലും 2020-21ലും) നെടുംകാട് യുപി സ്കൂൾ കളിസ്ഥലത്ത് മൾട്ടിജിം, വാർഡ് കമ്മിറ്റി ഓഫീസ്, അക്ഷയ സെന്റർ എന്നിവയ്ക്കായി ₹26.91 ലക്ഷം ചെലവിൽ ഒരു ഇരുനില കെട്ടിടം ടിഎംസി നിർമ്മിച്ചു. മൾട്ടി ജിമ്മിൽ ടിഎംസി വിവിധ ഉപകരണങ്ങളും സ്ഥാപിച്ചു. എന്നാൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് നിർമ്മാണത്തിനുള്ള അനുമതി/അംഗീകാരം നേടാൻ ടിഎംസിക്ക് കഴിയാത്തതിനാൽ കെട്ടിടം ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. സർക്കാർ ഉത്തരവുകൾ ലംഘിച്ച് കെട്ടിടം നിർമ്മിച്ചതിനാൽ ₹26.91 ലക്ഷത്തിന്റെ ഫണ്ടുകൾ തടസ്സപ്പെട്ട് കിടക്കുന്നതിന് ഇടയാക്കി.

#### *5.9.5.2 ഒരു സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ നിർമ്മാണം*

കഴക്കൂട്ടം റൂറൽ ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ[54] ഉടമസ്ഥതയിലുള്ള സ്ഥലത്ത് വികസന ഫണ്ടിൽ (പ്രത്യേക ഘടക പദ്ധതി) നിന്ന് ₹22.33 ലക്ഷം ചെലവഴിച്ച് ടിഎംസി ഒരു കെട്ടിടം നിർമ്മിച്ചു (2020 ജൂൺ). ഭൂമി/കെട്ടിടത്തിൻമേൽ ടിഎംസിക്ക് യാതൊരു ഉടമസ്ഥാവകാശവുമില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിൽ ടിഎംസിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടായ വീഴ്ച ഒരു സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന് ഇടയാക്കി. ഭൂമിയുടെ ഉടമസ്ഥാവകാശം ടിഎംസിക്ക് കൈമാറിക്കിട്ടുമെന്ന് മറുപടി നൽകിയെങ്കിലും (2022 ജൂലൈ) അത് യാഥാർത്ഥ്യമായില്ല (2024 ഡിസംബർ).

---

[53] 2018 നവംബർ 27

[54] കഴക്കൂട്ടം റൂറൽ ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1969ലെ കേരള സഹകരണസംഘം നിയമത്തിലെ സെക്ഷൻ 8 പ്രകാരം ഒരു സഹകരണ സംഘമായി 1986 ഒക്ടോബർ 24ന് രജിസ്റ്റർ ചെയ്യുകയും, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു

നിർമ്മാണം പൂർത്തിയായ ശേഷം ഭൂമി ടിഎംസിക്ക് കൈമാറും എന്ന സത്യവാങ്മൂലം നൽകിയാണ് പ്രവൃത്തി ആരംഭിച്ചതെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

ടിഎംസിക്ക് ഭൂമി കൈമാറുന്നതിന് മുമ്പ് കെട്ടിടം നിർമ്മിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. കൂടാതെ, നിർമ്മാണം കഴിഞ്ഞ് നാല് വർഷമായിട്ടും ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യാത്തതിന്റെ കാരണത്തെക്കുറിച്ച് മറുപടി നിശബ്ദമാണ്. റവന്യൂ രേഖകൾ പ്രകാരം, ഭൂമിയുടെ ഉടമസ്ഥാവകാശം കഴക്കൂട്ടം റൂറൽ ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡന്റിന്റെ പേരിൽ നിലനിൽക്കുന്നു (2024 ഡിസംബർ).

***ശിപാർശകൾ***

***ഭൂമി വാങ്ങുന്നതിന് മുമ്പ്, അത് ഉദ്ദേശിച്ച ആവശ്യത്തിന് അനുയോജ്യമാണോ എന്ന് യുഎൽബികൾ ഉറപ്പ് വരുത്തണമെന്ന് സർക്കാർ നിഷ്കർഷിക്കേണ്ടതാണ്.***

***കേരള പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ യുഎൽബികൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.***

## 5.10 ആസ്തികളുടെ ഉപയോഗവും പരിപാലനവും

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനായുള്ള സേവനം പ്രദാനം ചെയ്യുന്നതിനായി യുഎൽബികൾ ആസ്തികൾ, പ്രത്യേകിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു. ആസ്തികളുടെ ശരിയായ ഉപയോഗം ജനങ്ങളുടെ ജീവിതത്തിലും ഉപജീവന മാർഗ്ഗത്തിലും ഗണ്യമായ സ്വാധീനം ഉറപ്പ് വരുത്തുന്നു. 2017ലെ എഎം മാനുവൽ അനുസരിച്ച്, ആസ്തികളുടെ ശരിയായ ഉപയോഗവും പരിപാലനവും ഉറപ്പാക്കേണ്ടത് സെക്രട്ടറിയുടെ/ആസ്തികളുടെ സംരക്ഷകന്റെ ഉത്തരവാദിത്തമാണ്. കൂടാതെ, ഓരോ ആസ്തിയുടെയും ഉപയോഗക്ഷമതയും മൂല്യവും നിലനിർത്തുന്നതിനായി അവ സംരക്ഷിക്കുകയും പുനസ്ഥാപിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതും അവരുടെ ഉത്തരവാദിത്തമാണ്. ഓഡിറ്റ് തിരഞ്ഞെടുത്ത യുഎൽബികളിലെ കെട്ടിടങ്ങളും മറ്റ് ആസ്തികളും പരിശോധിച്ചപ്പോൾ, താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നത് പോലെ ₹29.19 കോടി ചെലവിൽ നിർമ്മിച്ച/നവീകരിച്ച ആസ്തികൾ നിഷ്ക്രിയമായികിടക്കുകയാണെന്ന് കണ്ടെത്തി. അതുവഴി അവ സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം പരാജയപ്പെട്ടു.

### 5.10.1 സ്ത്രീ ശാക്തീകരണത്തിനായി നിർമ്മിച്ച ആസ്തികളുടെ നിഷ്ക്രിയ അവസ്ഥ

സ്ത്രീ ശാക്തീകരണം ഉറപ്പാക്കുന്നതിന് വികസന ഫണ്ടിന്റെ 10 ശതമാനം നിർബന്ധമായും നീക്കിവയ്ക്കണമെന്ന് പദ്ധതി രൂപീകരണവും സബ്സിഡിയും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. ഈ നിർബന്ധിത വ്യവസ്ഥ നിറവേറ്റുന്നതിനായി പരിശോധന നടത്തിയ യുഎൽബികൾ പദ്ധതികളുടെ സാധ്യത, പ്രവർത്തനരീതി മുതലായവ വിലയിരുത്താതെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിച്ചതിന്റെ ഫലമായി തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ ₹12.12 കോടി മൂല്യമുള്ള ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

#### *5.10.1.1 ഷീ ലോഡ്ജുകൾ/വനിതാ ഹോസ്റ്റലുകൾ*

യാത്ര ചെയ്യുന്ന സ്ത്രീകൾക്ക്, പ്രത്യേകിച്ച് രാത്രിയിൽ, ന്യായമായ ദിവസ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഷീ ലോഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്താൻ 2018ലെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ യുഎൽബികളോട് നിർദ്ദേശിച്ചു. കൂടാതെ, വനിതാ ഹോസ്റ്റലുകൾ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും പ്രതിമാസ/ദിവസ നിരക്കിൽ താമസ സൗകര്യം

ഒരുക്കുന്നതിനാണ് ലക്ഷ്യമിട്ടത്. പരിശോധന നടത്തിയ നാല്[55] യുഎൽബികൾ നിർമ്മിച്ച ഒൻപത് ഷീ ലോഡ്ജുകൾ/വനിതാ ഹോസ്റ്റലുകളിൽ ₹7.19 കോടി ചെലവിൽ നിർമ്മിച്ച അഞ്ചെണ്ണം നിർമ്മാണം പൂർത്തിയായതു മുതൽ (2019-2022) പ്രവർത്തനരഹിതമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 5.3ൽ** നൽകിയിരിക്കുന്നു. പരിശോധന നടത്തിയ യുഎൽബികൾ ഷീലോഡ്ജുകളുടെയും വനിതാഹോസ്റ്റലുകളുടെയും ദൈനംദിന നടത്തിപ്പ് ഉറപ്പാക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കുകയോ എന്തെങ്കിലും പരിപാടികൾക്ക് രൂപം നൽകുകയോ ചെയ്തിട്ടില്ലെന്നും, അതിനാൽ പ്രസ്തുത കെട്ടിടങ്ങൾ പ്രവർത്തനരഹിതമാകുന്നതിനും യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് ന്യായമായ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം നൽകുകയെന്ന ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു. (2024 നവംബർ).

### *5.10.1.2 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ ഉപയോഗിക്കാതിരിക്കൽ*

വനിതാ സംരംഭകർക്ക് വ്യാവസായിക ഉത്പാദനം/ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്ക് സൗകര്യമൊരുക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ. ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികൾ നിർമ്മിച്ച 22 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങളിൽ ആറ് യുഎൽബികൾ നിർമ്മിച്ച 11 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ നിർമ്മാണ തീയതി മുതൽ ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ലെന്നും തൽഫലമായി ₹3.23 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായതായും കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 5.4ൽ** നൽകിയിരിക്കുന്നു. പ്രസ്തുത കെട്ടിടങ്ങൾ, നിർമ്മിച്ച ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതിന് മതിയായ കാരണങ്ങൾ യുഎൽബികൾ നല്കിയില്ല.

കെട്ടിടങ്ങൾ ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു ( നവംബർ 2024).

### *5.10.1.3 സ്ത്രീകൾക്കായുള്ള വിശ്രമ മുറികളും സ്ത്രീ സൗഹൃദ കേന്ദ്രങ്ങളും*

ഓഫീസുകൾ, ആശുപത്രികൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ത്രീകൾക്കായി വിശ്രമ മുറികളും സ്ത്രീസൗഹൃദ കേന്ദ്രങ്ങളും നിർമ്മിക്കാൻ പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നു. 2017-18 മുതൽ 2020-21 വരെ ₹1.37 കോടി ചെലവിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ നിർമ്മിച്ച ഏഴ് സ്ത്രീ വിശ്രമ മുറികൾ/സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ഓഡിറ്റ് പരിശോധിക്കുകയും അവയെല്ലാം ഇന്നു വരെ (2023 ഓഗസ്റ്റ്) ഉപയോഗിക്കാതെ കിടക്കുന്നതായും കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 5.5ൽ** നൽകിയിരിക്കുന്നു. ഈ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതിയ്ക്കും യുഎൽബികൾ ഇതുവരെ രൂപം നൽകിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ് വളപ്പിൽ ₹29.84 ലക്ഷം ചെലവഴിച്ച്, മുലയൂട്ടൽ മുറി, ശുചിമുറി, കാത്തിരിപ്പ് മുറികൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടി നിർമ്മിച്ച (2021 ഡിസംബർ) ഒരു സ്ത്രീസൗഹൃദ കേന്ദ്രം കോർപ്പറേഷന്റെ ആരോഗ്യ വിഭാഗത്തിന്റെ ഓഫീസായി ഉപയോഗിച്ചുവരുന്നു.

പ്രവർത്തിക്കാത്ത വനിതാ വിശ്രമ കേന്ദ്രങ്ങൾ പരിശോധിക്കുമെന്നും അവ പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). എന്നാൽ, തിരുവനന്തപുരം കോർപ്പറേഷനിൽ വനിതാ സൗഹൃദകേന്ദ്രം ഓഫീസായി ഉപയോഗിക്കുന്നതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

---

55 തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും, കൽപ്പറ്റ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികളും

### *5.10.1.4 സ്ത്രീകൾക്കായി വിനോദ കേന്ദ്രങ്ങൾ/ഹെൽത്ത് ക്ലബ്/ജിം*

സ്ത്രീകളിലെ ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിന് പതിവായി വ്യായാമം ഉറപ്പാക്കാൻ യുഎൽബികൾ സ്ത്രീകൾക്കായി ഫിറ്റ്നസ് സെന്ററുകൾ നിർമ്മിക്കണമെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നു. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകൾ സ്ത്രീകൾക്കായി മൾട്ടി ജിം/വിനോദ കേന്ദ്രങ്ങൾ എന്നിവ നിർമ്മിച്ചെങ്കിലും താഴെ വിശദമാക്കിയിരിക്കുന്നതുപോലെ അവ ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- കൊച്ചി കോർപ്പറേഷൻ, കൽവത്തി ഇരുത്തി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ ഒരു ലേഡീസ് ഹെൽത്ത് ക്ലബ് നിർമ്മിച്ചു. ജിമ്മിൽ വിവിധ ഉപകരണങ്ങളും[56], ശുചിമുറി, വസ്ത്രം മാറുന്നതിനുള്ള മുറി, സ്വീകരണ സ്ഥലം എന്നീ അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ജിം ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല (2024 മേയ് ).
- തിരുവനന്തപുരം കോർപ്പറേഷൻ, പൊന്നുമംഗലം വാർഡിൽ വനിതാ ജിം സ്ഥാപിക്കുന്നതിനായി ഒരു കെട്ടിടം നിർമ്മിച്ചു[57] (2020 മാർച്ച്). എന്നാൽ, ജിം ഉപകരണങ്ങളും വൈദ്യുതി കണക്ഷനും ലഭ്യമാക്കാത്തതിനാൽ ജിം പ്രവർത്തനരഹിതമാണ് (2024 മെയ് ).
- തൃശ്ശൂർ കോർപ്പറേഷൻ 15 വർഷമായി വെറുതെ കിടന്നിരുന്ന ഒരു വ്യവസായ യൂണിറ്റിനെ ₹2.58 ലക്ഷം ചെലവഴിച്ച് സ്ത്രീകൾക്കായുള്ള ഒരു വിനോദ കേന്ദ്രമാക്കി മാറ്റി (2020 ഒക്ടോബർ). എന്നാൽ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ കെട്ടിടം ഉപയോഗിച്ചു തുടങ്ങാനായിട്ടില്ല (2023 ജൂലൈ).

കൊച്ചി കോർപ്പറേഷനിലെ ലേഡീസ് ഹെൽത്ത് ക്ലബിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും നവംബർ രണ്ടാം വാരം മുതൽ ജിം പ്രവർത്തനം ആരംഭിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

2024 നവംബർ 27ന് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലെന്നും ജിം പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും കണ്ടെത്തിയതിനാൽ മറുപടി സ്വീകാര്യമല്ല.

തിരുവനന്തപുരത്ത് വനിതാ വിനോദകേന്ദ്രത്തിൽ വൈദ്യുതി, ജല കണക്ഷനുകൾ ലഭ്യമാക്കുമെന്നും കെട്ടിടം എത്രയും വേഗം പ്രവർത്തനക്ഷമമാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

### 5.10.2 വൃദ്ധരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി സൃഷ്ടിച്ച ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നത്

പദ്ധതി രൂപീകരണവും സബ്സിഡിയും മാർഗ്ഗരേഖ പ്രകാരം, വികസനഫണ്ടിന്റെ അഞ്ച് ശതമാനം വീതം കുട്ടികളുടെയും വൃദ്ധരുടെയും ക്ഷേമത്തിനായി നിർബന്ധമായും നീക്കിവയ്ക്കണം. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹1.33 കോടി ചെലവിൽ പരിശോധന നടത്തിയ മൂന്ന് യുഎൽബികൾ നിർമ്മിച്ച/നവീകരിച്ച 12 പകൽ വീട്[58]/വയോജന വിനോദ കേന്ദ്രങ്ങളും കൊച്ചി കോർപ്പറേഷൻ നിർമ്മിച്ച രണ്ട് ബഡ്സ്[59] സ്കൂളുകളും[60] ഉപയോഗിക്കാതെ കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു (2023

---

[56] കെട്ടിട നിർമ്മാണത്തിന്റെയും ജിമ്മിലേക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിയതിന്റെയും വിശദാംശങ്ങൾ കോർപ്പറേഷൻ ലഭ്യമാക്കിയില്ല.

[57] കെട്ടിട നിർമ്മാണത്തിന്റെ വിശദാംശങ്ങൾ കോർപ്പറേഷൻ ലഭ്യമാക്കിയില്ല

[58] തൃശ്ശൂർ കോർപ്പറേഷൻ (അഞ്ച് എണ്ണം) – ₹28.84 ലക്ഷം (രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണചെലവ് ലഭ്യമല്ല), കൊച്ചി കോർപ്പറേഷൻ (ആറ് എണ്ണം) – ₹64.59 ലക്ഷം, കളമശ്ശേരി മുനിസിപ്പാലിറ്റി – ₹12.33 ലക്ഷം

[59] മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ആളുകളെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുമുള്ള പദ്ധതിയാണ് ബഡ്സ്

[60] കൊച്ചി കോർപ്പറേഷനിലെ ഡിവിഷൻ 16 (2022-23) ഉം ഡിവിഷൻ 24 (2022-23) ഉം (2 എണ്ണം) – ₹26.83 ലക്ഷം

ഓഗസ്റ്റ്). 14 പകൽവീട്/ബഡ്സ് സ്കൂൾ കെട്ടിടങ്ങളിൽ, ഒമ്പത് കെട്ടിടങ്ങളിൽ വൈദ്യുതി, ജലവിതരണം, കസേരകൾ, മേശകൾ, കട്ടിലുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ദീർഘവീക്ഷണമില്ലാതെയും പ്രായോഗികത ഉറപ്പാക്കാതെയും പദ്ധതികൾക്ക് രൂപം നൽകിയതിനാൽ വൃദ്ധരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി നിർമ്മിച്ച ആസ്തികൾ ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

കൊച്ചി കോർപ്പറേഷനിലെ ഒൻപത് പകൽവീട്/ബഡ്സ് സ്കൂളുകളിൽ നാല് സ്ഥാപനങ്ങൾ (രണ്ട് പകൽവീടും രണ്ട് ബഡ്സ് സ്കൂളും) എത്രയും വേഗം പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). എന്നാൽ കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിലും കളമശ്ശേരി മുനിസിപ്പാലിറ്റിയിലും ശേഷിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

### 5.10.3 ഗ്യാസ് ശ്മശാനങ്ങൾ ഉപയോഗിക്കാതിരിക്കൽ

കേരള മുനിസിപ്പാലിറ്റി ആക്ട് അനുസരിച്ച് ശ്മശാനങ്ങൾ/ശവദാഹ സ്ഥലങ്ങൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും യുഎൽബികളുടെ നിർബന്ധിത പ്രവർത്തനങ്ങളിൽ ഒന്നാണ്. എന്നാൽ, ഓഡിറ്റ് പരിശോധന നടത്തിയ നാല് യുഎൽബികളിൽ[61] 2012-13 മുതൽ 2019-20 വരെയുള്ള കാലയളവിൽ ₹55.46 ലക്ഷം[62] ചെലവിൽ നിർമ്മിച്ച അഞ്ച് ഗ്യാസ് ശ്മശാനങ്ങൾ അറ്റകുറ്റപ്പണികളുടെ അഭാവം, പൊതുജന പ്രതിഷേധം, ത്രീഫേസ് വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ഇല്ലാത്തത് തുടങ്ങിയവ കാരണം ഉപയോഗശൂന്യമായി കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 5.6ൽ** നൽകിയിരിക്കുന്നു. ശ്മശാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും സമയബന്ധിതമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/യുഎൽബികൾ കാണിച്ച അശ്രദ്ധകാരണം ₹55.46 ലക്ഷത്തിന്റെ നിഷ്ഫല ചെലവ് ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു.

അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ശ്മശാനം പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

### 5.10.4 മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് ഷോപ്പ് കെട്ടിടങ്ങൾ

പൊതുജനങ്ങൾക്കു ന്യായമായ നിരക്കിൽ വാണിജ്യ സൗകര്യങ്ങൾ നൽകുന്നതിനായി യുഎൽബികൾ ഷോപ്പിംഗ് കോംപ്ലക്സുകൾ, പൊതു മാർക്കറ്റുകൾ മുതലായവ നിർമ്മിക്കുന്നു. സ്ഥാപന, പ്രവർത്തന ചെലവുകൾ നിറവേറ്റുന്നതിനായി യുഎൽബികൾ ഈ പൊതു സൗകര്യങ്ങളിൽ നിന്ന് വാടക ഈടാക്കുന്നു. ഇത് യുഎൽബികളുടെ തനത് വരുമാനവും സേവന വിതരണ ശേഷിയും വർദ്ധിപ്പിക്കുന്നു.

തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുന്നതു പോലെ, ആസ്തികളുടെ വിനിയോഗത്തിൽ വിവിധ പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

#### *5.10.4.1 നിഷ്ക്രിയമായ ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ*

കേരള തീരദേശ വികസന കോർപ്പറേഷന്റെ (കെസിഎഡിസി) സഹായത്തോടെ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ ₹4.87 കോടി ചെലവിൽ രണ്ട് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചു. ലേല ഹാളുകൾ, ചില്ലർ/ഫ്രീസർ മുറികൾ, മാലിന്യ സംസ്കരണ സൗകര്യം തുടങ്ങിയവയോടുകൂടിയ ശുചിത്വമുള്ള ആധുനിക മത്സ്യവിൽപ്പന കേന്ദ്രങ്ങൾ (മൊത്ത വ്യാപാരവും ചില്ലറ വ്യാപാരവും) ലഭ്യമാക്കുക എന്നതാണ് മാർക്കറ്റുകൾ നിർമ്മിച്ചതിലൂടെ വിഭാവനം ചെയ്തത്. എന്നാൽ മാർക്കറ്റ് സ്റ്റാളുകൾ

---

[61] കൊച്ചി കോർപ്പറേഷനും പാലക്കാട്, പട്ടാമ്പി, വടക്കാഞ്ചേരി മുനിസിപ്പാലിറ്റികളും

[62] മൂന്ന് ഗ്യാസ് ശ്മശാനങ്ങളുടെ നിർമ്മാണ ചെലവ് ലഭ്യമാക്കിയിട്ടില്ല

സാധാരണ യൂസർ ഫീസ് ഈടാക്കി വാടകയക്ക് നൽകേണ്ടതായിരുന്നു. ഈ ആധുനിക മത്സ്യമാർക്കറ്റുകൾ ഇന്നു വരെ (2024 ഡിസംബർ) ഉപയോഗിക്കാതെ കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 5.4ൽ** നൽകിയിരിക്കുന്നു:

**പട്ടിക 5.4 : നിഷ്ക്രിയമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | യുഎൽബി | നിർമ്മാണ ചെലവ് | നിർമ്മിച്ച വർഷം | ലഭ്യമാക്കിയ സൗകര്യങ്ങൾ | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം കോർപ്പറേഷൻ (പാങ്ങോട്) | ₹2.61 കോടി | 2020 മേയ് | 50 കടമുറികൾ ഉള്ള രണ്ടു നില മാർക്കറ്റ് കെട്ടിടം | മാർക്കറ്റ് പരിസരത്തെ അനധികൃത മത്സ്യ വ്യാപാരം നിർത്തലാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി കോർപ്പറേഷനോട് നിർദേശിച്ചിരുന്നുവെങ്കിലും (2010 മാർച്ച്), പരിസരത്തെ അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാൻ കോർപ്പറേഷൻ ഒരു നടപടിയും എടുത്തില്ല. |
| 2 | കൊച്ചി കോർപ്പറേഷൻ (പള്ളുരുത്തി) | ₹2.26 കോടി | 2014 | 49 സ്റ്റാളുകൾ ഉള്ള രണ്ടു നില മാർക്കറ്റ് കെട്ടിടം | വൈദ്യുതി, ജല കണക്ഷനുകൾ ലഭ്യമായിരുന്നില്ല. മാർക്കറ്റ് സ്റ്റാളുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കാൻ ഉപയോഗിച്ചിരുന്നു. മാലിന്യ സംസ്കരണ സൗകര്യം അനിവാര്യമായിരുന്നെങ്കിലും ലഭ്യമാക്കിയിരുന്നില്ല. |

*(ഉറവിടം : യുഎൽബികൾ നല്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)*

നിർമ്മാണം പൂർത്തിയായി മൂന്ന് മുതൽ ഒൻപത് വർഷം വരെ കഴിഞ്ഞിട്ടും മാർക്കറ്റുകൾ പ്രവർത്തനക്ഷമമാക്കാത്തതിന് ഒരു കാരണവും കോർപ്പറേഷനുകൾ നൽകിയിട്ടില്ല. കടകൾ വാടകയ്ക്ക് നൽകുന്നതിനായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ലേലം നടത്തിയെങ്കിലും (2020 ഓഗസ്റ്റ്) ആരും ഏറ്റെടുത്തില്ല. മാർക്കറ്റുകളുടെ പ്രവർത്തനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ കോർപ്പറേഷനുകൾ കാണിച്ച അനാസ്ഥയും അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാത്തതും മാർക്കറ്റുകൾ ഉപയോഗിക്കാതിരിക്കുന്നതിനും ₹4.87 കോടിയുടെ നിഷ്ഫലമായ ചെലവിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

പാങ്ങോട് മാർക്കറ്റിന്റെ കാര്യത്തിൽ, മൂന്ന് തവണ ടെൻഡർ നടത്തിയിട്ടും മാർക്കറ്റ് സ്റ്റാളുകൾ ഏറ്റെടുക്കാൻ ആരും മുന്നോട്ട് വന്നില്ലെന്ന് സർക്കാർ അറിയിച്ചു. അതിനാൽ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. പള്ളുരുത്തി മാർക്കറ്റിനെ സംബന്ധിച്ച്, വെള്ളം, വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിച്ചു.

സർക്കാർ മറുപടി ഓഡിറ്റ് കണ്ടെത്തലുകൾ ശരിവയ്ക്കുന്നുണ്ടെങ്കിലും, പാങ്ങോട് മാർക്കറ്റ് പരിസരത്ത് പ്രവർത്തിക്കുന്ന അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

### *5.10.4.2 നിഷ്ക്രിയമായ ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റ് ഷോപ്പ് കെട്ടിടങ്ങൾ*

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിലൂടെയും ഷോപ്പിംഗ് കോംപ്ലക്സുകൾ സമൂഹത്തിന് പ്രയോജനം ചെയ്യുന്നത് കൂടാതെ ജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് സൗകര്യപ്രദമായ ഒരു സ്ഥലം ഒരുക്കുകയും ചെയ്യുന്നു. ഷോപ്പിംഗ് കോംപ്ലക്സുകൾ യുഎൽബികൾക്കു ഒരു വരുമാന സ്രോതസ്സ് കൂടിയാണ്. തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകളിലെ നാല് ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റ് ഷോപ്പ് കെട്ടിടങ്ങളുടെ നടത്തിപ്പിൽ നിരവധി വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ വീഴ്ചകളുടെ ഫലമായി ഓഡിറ്റ് കാലയളവിൽ നിർമ്മിച്ച/നവീകരിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ നിഷ്ക്രിയമാകുന്നതിനും, യുഎൽബികൾക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നതിനും, ₹2.90 കോടിയുടെ നിഷ്ഫല ചെലവിനും കാരണമായി. വിശദാംശങ്ങൾ **പട്ടിക 5.5ൽ** നല്കിയിരിക്കുന്നു.

**പട്ടിക 5.5: നിഷ്ക്രിയമായ ഷോപ്പിംഗ് കോംപ്ലക്സുകളുടെ/മാർക്കറ്റ് കെട്ടിടങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | യുഎൽബി | നിർമ്മാണ ചെലവ് | നിർമ്മാണം/ പുതുക്കി പണിയൽ നടത്തിയ വർഷം | ലഭ്യമാക്കിയ സൗകര്യങ്ങൾ | ഉപയോഗിക്കാത്തതിന്റെ കാരണങ്ങൾ |
|---|---|---|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ – ഒളരി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | ₹2.08 കോടി | 2020-21 | 38 കടകളും 4 ഹാളുകളും | അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാത്തത്, ബേസ്മെന്റ് നിലയിലെ ദുർഗന്ധം, മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്തത് എന്നിവയും, മാർക്കറ്റ് കെട്ടിടത്തിന് മുന്നിലുള്ള പഴയ ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ച് മാറ്റാത്തതും. |
| 2 | തിരുവനന്തപുരം കോർപ്പറേഷൻ – മണ്ണന്തല ഷോപ്പിംഗ് കോംപ്ലക്സ് | ₹61.97 ലക്ഷം | 2021-22 | 16 കടകൾ | വൈദ്യുതീകരണം പൂർത്തിയാക്കാത്തത് |
| 3 | തിരുവനന്തപുരം കോർപ്പറേഷൻ – മണ്ണന്തല മാർക്കറ്റ് കടകൾ | ₹19.95 ലക്ഷം | 2021-22 | സ്റ്റാളുകൾ | വൈദ്യുതീകരണം പൂർത്തിയാക്കാത്തത് |
| 4 | തിരുവനന്തപുരം കോർപ്പറേഷൻ – പേരൂർക്കട മാർക്കറ്റ് കടകൾ | ലഭ്യമല്ല | 2021-22 | 8 കടകൾ | കടകൾക്ക് സമീപം മാലിന്യം നിക്ഷേപിക്കുന്നത് |

*(ഉറവിടം : യുഎൽബികൾ നല്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)*

ഒളരി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ ബേസ്മെന്റ് നിലയിലെ നാല് കടമുറികൾ പഴയ മത്സ്യമാർക്കറ്റിലെ വ്യാപാരികൾക്ക് അനുവദിച്ചെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാകാത്തതുകാരണവും സ്ഥലത്ത് സീവേജ് സംസ്കരണ സൗകര്യങ്ങളുടെയും ശുദ്ധവായുവിന്റെയും അഭാവം മൂലവും കടമുറികൾ വ്യാപാരികൾ ഏറ്റെടുത്തില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ബേസ്മെന്റ് നിലയിലെ മത്സ്യ-മാംസ വ്യാപാരത്തിൽ നിന്നുള്ള മലിനജല പ്രശ്നം പരിഹരിക്കുന്നതിനുള്ള ചുമതല കോർപ്പറേഷന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ഏൽപിച്ചതായും പ്രസ്താവിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ മാർക്കറ്റുകളെ സംബന്ധിച്ചിടത്തോളം, മണ്ണന്തല ഷോപ്പിംഗ് കോംപ്ലക്സിലെയും, മാർക്കറ്റുകളിലെയും കടകളും സ്റ്റാളുകളും ലേലം ചെയ്തെങ്കിലും ആരും ഏറ്റെടുക്കുന്നില്ലെന്നും, പേരൂർക്കട മാർക്കറ്റ് ഷോപ്പുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി.

കടകൾ ഏറ്റെടുക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിലും, സമയബന്ധിതമായി പരിഹാര നടപടികൾ സ്വീകരിക്കുന്നതിലും പോരായ്മകൾ പരിഹരിക്കുന്നതിലും കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഉദാസീന മനോഭാവം സർക്കാർ മറുപടിയിൽ വ്യക്തമാണ്. ഈ ഉദാസീനത സമൂഹത്തിന് തൊഴിൽ നേടുന്നതിനും സാമ്പത്തിക പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുന്നതോടൊപ്പം നിഷ്ക്രിയമായ നിക്ഷേപത്തിനും കോർപ്പറേഷനുകളുടെ വരുമാനനഷ്ടത്തിനും കാരണമായി.

### 5.10.5 ടൗൺ/കമ്മ്യൂണിറ്റി ഹാളുകൾ/ഇൻഡോർ സ്റ്റേഡിയം

നഗര തദ്ദേശസ്ഥാപനങ്ങളെ ഏൽപിച്ചിരിക്കുന്ന നിർബന്ധിത ചുമതലയായ നഗരസൗകര്യങ്ങൾ ഒരുക്കുക എന്ന ധർമ്മം നിറവേറ്റുവാനായി കളിസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയ സാമൂഹ്യ സേവനസൗകര്യങ്ങൾ യുഎൽബികൾ നിർമ്മിക്കുന്നു. കമ്മ്യൂണിറ്റി ഹാളുകൾ യുഎൽബികളുടെ വരുമാന മാർഗ്ഗം കൂടി ആണ്. 24 യുഎൽബികളിലായി ആകെ ഉള്ള 110 കമ്മ്യൂണിറ്റി ഹാളുകൾ/ടൗൺ ഹാളിൽ ഏഴ് യുഎൽബികളിൽ ഉള്ള 51 കമ്മ്യൂണിറ്റി ഹാളുകൾ ഉപയോഗിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിഷ്ക്രിയമായ കമ്മ്യൂണിറ്റി ഹാളുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.7ൽ**

നൽകിയിരിക്കുന്നു. ഇവ ഉപയോഗിക്കാതിരിക്കുന്നതിനെ സംബന്ധിച്ച് പ്രത്യേക കാരണങ്ങളൊന്നും പരിശോധന നടത്തിയ യുഎൽബികൾ നൽകിയിട്ടില്ല.

കളമശ്ശേരി നഗരസഭ ₹4.75 കോടി ചെലവിൽ ഡൈനിംഗ് ഹാളുകൾ, മൾട്ടിപർപ്പസ് ഹാൾ, ഗ്രൗണ്ട് ഫ്ലോറിൽ ഇൻഡോർ ഗെയിമുകൾക്കുള്ള സൗകര്യങ്ങൾ, ഒന്നാം നിലയിൽ ഗാലറിയോടുകൂടിയുള്ള വോളിബോൾ/ബാഡ്മിന്റൺ കോർട്ട് എന്നീ സൗകര്യങ്ങളുള്ള ഒരു മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിച്ചു (2020 ജൂലൈ). എന്നാൽ, ഈ കെട്ടിടം നാളിതുവരെ (2024 നവംബർ) ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാതിരിക്കുന്നതിന് പ്രത്യേക കാരണമൊന്നും മുനിസിപ്പാലിറ്റി നൽകിയിട്ടില്ല.

ബൈലോ തയ്യാറാക്കുന്നതിനും മൾട്ടിപർപ്പസ് സ്റ്റേഡിയം ഉടൻ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുമായി ധനകാര്യ സമിതിയെ നിയമിക്കാൻ കളമശ്ശേരി മുൻസിപ്പൽ കൗൺസിൽ തീരുമാനിച്ചതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). എന്നാൽ, സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ നാല് വർഷമായി വെറുതെ കിടക്കുന്നതിന് ഒരു കാരണവും മറുപടിയിൽ പറയുന്നില്ല.

***ശിപാർശ:***

***സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനായി യുഎൽബികൾ നിർമ്മിക്കുന്ന ആസ്തികൾ ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

### 5.10.6 പൊതു സ്ഥലം/കെട്ടിടങ്ങളിലെ കയ്യേറ്റങ്ങൾ

കെഎം നിയമം ഒന്നാം ഷെഡ്യൂൾ പ്രകാരം, പൊതുസ്ഥലം കയ്യേറ്റങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ടത് യുഎൽബിയുടെ നിർബന്ധിത കർത്തവ്യമാണ്. താഴെ വിശദമാക്കിയിരിക്കുന്നതു പോലെ യുഎൽബികൾ സ്വന്തം ഭൂമി സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കയ്യേറ്റം നടത്തുകയും കയ്യേറ്റക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു.

**പാലക്കാട് മുനിസിപ്പാലിറ്റി**

- പാലക്കാട് മുനിസിപ്പാലിറ്റിക്ക് കൽമണ്ഡപപ്രദേശത്ത് 40 കണ്ടിജന്റ് തോഴിലാളികൾക്ക് താമസിക്കുന്നതിനുള്ള ക്വാട്ടേഴ്സ് ഉണ്ടായിരുന്നു. ഈ പാർപ്പിടങ്ങൾ വളരെ പഴയതായതിനാൽ കണ്ടിജന്റ് തൊഴിലാളികളെ മണർകാട്ടുപറമ്പിലുള്ള പുതിയ ക്വാട്ടേഴ്സിലേക്ക് മാറ്റി (2013–14). സംയുക്ത ഭൗതിക പരിശോധനയിൽ (2023 നവംബർ) ചുറ്റുമതിലും ഗേറ്റും ഇല്ലാത്തതിനാലും യുഎൽബിയുടെ ശരിയായ നിരീക്ഷണമില്ലാത്തതിനാലും പഴയ പാർപ്പിടങ്ങൾ മറ്റുള്ളവർ കയ്യേറിയതായും നിയമവിരുദ്ധമായി കൈവശപ്പെടുത്തിയതായും ഓഡിറ്റ് കണ്ടെത്തി. എന്നാൽ കയ്യേറ്റത്തിനെതിരെ യുഎൽബി ഒരു നടപടിയും എടുത്തിട്ടില്ല (2023 മാർച്ച്).

പരിസരത്തെ എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ചതായി സർക്കാർ അറിയിച്ചു (2024 നവംബർ).

**കൊച്ചി കോർപ്പറേഷൻ**

- തെരുവ് കുട്ടികളുടെ പുനരധിവാസത്തിനായി കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഒരു അനാഥാലയമാണ് സ്നേഹഭവൻ. ആസ്തി രജിസ്റ്റർ പ്രകാരം സ്നേഹഭവൻ രണ്ട് ഏക്കർ 60 സെന്റ്[63] വിസ്തൃതിയിലുള്ള ഒരു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ, സംയുക്ത ഭൗതിക പരിശോധനയിൽ സ്ഥലത്തിന് ഒരു ചുറ്റുമതിൽ ഉണ്ടെന്നും എഞ്ചിനീയറിംഗ്

---

[63] ഒരു ഹെക്ടർ അഞ്ച് ആർ 22 സ്ക്വയർ മീറ്റർ

വിഭാഗം ഉദ്യോഗസ്ഥർ അളന്നുനോക്കിയപ്പോൾ ഒരു ഏക്കർ 24 സെന്റ് മാത്രമേ ഉള്ളൂ എന്നും ഓഡിറ്റ് നിരീക്ഷിച്ചു. സ്ഥലത്തിന്റെ വടക്ക് ഭാഗത്ത് ഒരു സ്വകാര്യ ഫ്ലാറ്റ് സമുച്ചയവും തെക്ക് ഭാഗത്ത് പള്ളി കെട്ടിടവും കിഴക്ക് ഭാഗത്ത് തടാകവും പടിഞ്ഞാറ് ഭാഗത്ത് പിഡബ്ല്യുഡി റോഡും ആയിരുന്നു. മുഴുവൻ സ്ഥലവും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെയാണ് കോർപ്പറേഷൻ സ്നേഹഭവന് ചുറ്റുമതിൽ നിർമ്മിച്ചതെന്ന് ഓഡിറ്റ് കണ്ടെത്തി.

അടിസ്ഥാന രേഖകളായ ആധാരം, ഭൂനികുതി രസീത് എന്നിവ കോർപ്പറേഷന്റെ കൈവശം ഇല്ലാത്തതിനാൽ സ്നേഹഭവനുമായി ചേർന്നു കിടക്കുന്ന സർവ്വെ നമ്പറുകളുമായി ബന്ധപ്പെട്ട ഭൂമിയുടെ വ്യാപ്തി, ഉടമസ്ഥാവകാശം, മുമ്പ് നടന്ന ഭൂമി ഇടപാടുകൾ തുടങ്ങിയവയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് നൽകാൻ മട്ടാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനോട് ആവശ്യപ്പെട്ടതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നതിലും പൊതുഭൂമി കയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിലും കോർപ്പറേഷന്റെ ഭാഗത്തുള്ള അനാസ്ഥയാണ് മറുപടിയിൽ വ്യക്തമാകുന്നത്.

### 5.10.7 പ്ലാന്റ് – മെഷിനറി ആസ്തികൾ

കെട്ടിടത്തിന്റെ ലഭ്യത/അനുയോജ്യത ഉറപ്പാക്കാതെ യന്ത്രങ്ങൾ വാങ്ങിയത്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ പരിശോധന നടത്തിയ ഏഴ് യുഎൽബികൾ 2019 മുതൽ 2022 വരെ ₹2.66 കോടി ചെലവിൽ വാങ്ങിയ മലിനജല സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങിയവ ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. പ്ലാന്റ്/മെഷിനറി പ്രവർത്തനക്ഷമമാക്കാൻ ഈ യുഎൽബികൾ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി ₹2.66 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 5.8ൽ** നൽകിയിരിക്കുന്നു.

### 5.10.8 വാഹനങ്ങളുടെ പരിപാലനം

നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രധാനമായും ഓഫീസ് ആവശ്യങ്ങൾ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, കുടിവെള്ള വിതരണം, സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് വാഹനങ്ങൾ വാങ്ങുകയും പരിപാലിക്കുകയും ചെയ്യുന്നത്. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, 2000 അനുസരിച്ച്, വാഹനങ്ങളുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട യുഎൽബിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉത്തരവാദിത്തമാണ്. പരിശോധന നടത്തിയ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഉടമസ്ഥതയിൽ യഥാക്രമം 511ഉം 205ഉം വാഹനങ്ങൾ ഉണ്ടെന്നും അതിൽ യഥാക്രമം 43.05 ശതമാനവും 24.88 ശതമാനവും നിഷ്ക്രിയമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ സ്ഥിതി താഴെ കൊടുത്തിരിക്കുന്നു:

**പട്ടിക 5.6 : പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ സ്ഥിതി**

| യുഎൽബിയുടെ പേര് | ആകെ വാഹനങ്ങളുടെ എണ്ണം | ഫിറ്റ്നസ്/ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ റോഡിലിറങ്ങാത്ത വാഹനങ്ങളുടെ എണ്ണം | ലേലം ചെയ്യേണ്ട ഉപയോഗ ശൂന്യമായ വാഹനങ്ങളുടെ എണ്ണം | ഓടുന്ന അവസ്ഥയിൽ അല്ലാത്ത വാഹനങ്ങളുടെ ശതമാനം |
|---|---|---|---|---|
| **മുനിസിപ്പൽ കോർപ്പറേഷനുകൾ** | | | | |
| തിരുവനന്തപുരം | 198 | 6 | 70 | 38.38 |

| യുഎൽബിയുടെ പേര് | ആകെ വാഹനങ്ങളുടെ എണ്ണം | ഫിറ്റ്നസ്/ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ റോഡിലിറങ്ങാത്ത വാഹനങ്ങളുടെ എണ്ണം | ലേലം ചെയ്യേണ്ട ഉപയോഗ ശൂന്യമായ വാഹനങ്ങളുടെ എണ്ണം | ഓടുന്ന അവസ്ഥയിൽ അല്ലാത്ത വാഹനങ്ങളുടെ ശതമാനം |
|---|---|---|---|---|
| കൊച്ചി | 143 | 34 | 72 | 74.12 |
| തൃശ്ശൂർ | 85 | 10 | 5 | 17.65 |
| കോഴിക്കോട് | 85 | 2 | 21 | 27.06 |
| **ആകെ (കോർപ്പറേഷനുകൾ)** | **511** | **52** | **168** | **43.05** |
| **മുനിസിപ്പാലിറ്റികൾ** | | | | |
| **പരിശോധന നടത്തിയ 20 മുനിസിപ്പാലിറ്റികൾ** | **205** | **5** | **46** | **24.88** |

*(ഉറവിടം : യുഎൽബികൾ നല്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)*

പ്രവർത്തനരഹിതമായിരിക്കുന്നതോ ഓടാത്ത അവസ്ഥയിലുള്ളതോ ആയ വാഹനങ്ങൾ 17.65 ശതമാനം (തൃശ്ശൂർ കോർപ്പറേഷൻ) മുതൽ 74.12 ശതമാനം (കൊച്ചി കോർപ്പറേഷൻ) വരെയായിരുന്നു. കൊച്ചി കോർപ്പറേഷനിലെ വാഹനങ്ങളുടെ മാനേജ്മെൻറ് സംബന്ധിച്ച് ഓഡിറ്റ് വിശകലനത്തിൽ എസ്റ്റിമേറ്റ് അനുവദിക്കുന്നതിലെയും വർക്ക് ഓർഡർ നൽകുന്നതിലെയും വർക്ക്ഷോപ്പുകൾക്ക് പണം നൽന്നതിലേയും കാലതാമസം കാരണം തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നതുപോലെ ഏഴ് വർഷം വരെ വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിന് ഇടയാക്കിയതായി കണ്ടെത്തി.

### *5.10.8.1 കൊച്ചി കോർപ്പറേഷന്റെ വാഹന മാനേജ്മെന്റ്*

കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ 143 വാഹനങ്ങളുണ്ടായിരുന്നതിൽ, 116 വാഹനങ്ങൾ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയതാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയ വാഹനങ്ങളുടെ സ്ഥിതി **പട്ടിക 5.7ൽ** കാണിച്ചിരിക്കുന്നു:

**പട്ടിക 5.7: കൊച്ചി കോർപ്പറേഷൻ മാലിന്യ സംസ്കരണത്തിനായി വാങ്ങിയ വാഹനങ്ങളുടെ സ്ഥിതി**

| വാഹനങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമമായ വാഹനങ്ങൾ | ഫിറ്റനസ് സർട്ടിഫിക്കറ്റില്ലാത്തതിനാൽ ഗാരേജിൽ ഇട്ടിരിക്കുന്ന/റോഡിൽ ഇറക്കാൻ കഴിയാത്ത വാഹനങ്ങൾ | സർവീസ് ചെയ്യാൻ സാധ്യമല്ലാത്ത വാഹനങ്ങൾ | ലേല നടപടികളിൽ ഉള്ള വാഹനങ്ങൾ |
|---|---|---|---|---|
| 116 | 11 | 34 | 55 | 16 |

*(ഉറവിടം : കൊച്ചി കോർപ്പറേഷൻ ലഭ്യമാക്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)*

- 116 വാഹനങ്ങളിൽ 11 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2024 ഏപ്രിൽ).
- വിവിധ വർക്ക്ഷോപ്പുകളിലും/യാർഡുകളിലുമായി 34 വാഹനങ്ങൾ[64] ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് (എഫ്സിടി) ഇല്ലാത്തതിനാൽ രണ്ട് മാസം മുതൽ ഏഴ് വർഷം വരെ റോഡിൽ ഇറക്കാൻ കഴിയാതെ ഗാരേജിൽ കിടന്നു. 34 വാഹനങ്ങളിൽ 14 എണ്ണം ഒരു വർഷത്തിലേറെയായി നിഷ്ക്രിയമാണെന്ന് ഓഡിറ്റ് കണ്ടെത്തി.

---

[64] ഇതിൽ എട്ട് റിഫ്യൂസ് കോംപാക്ടറുകളും, 17 ആപ്പേ ഫോർ വീലർ ട്രക്കുകളും, ആറ് ആപ്പേ ത്രീ വീലറുകളും, ഒരു ജെസിബി എന്നിവ ഉൾപ്പെടുന്നു

- 20 ആപ്പേ ഫോർ വീലർ ട്രക്കുകൾ ഉൾപ്പെടെ സർവ്വീസ് ചെയ്യാൻ സാദ്ധ്യമല്ലെന്ന് തരംതിരിച്ചിട്ടുള്ള 55 വാഹനങ്ങൾ ഒൻപത് മാസം മുതൽ ഒൻപത് വർഷം വരെ വിവിധ യാർഡുകളിൽ ആരും ശ്രദ്ധിക്കാതെ കിടന്നു.
- 2014ൽ വാങ്ങിയ ആറ് ആപ്പേ ഫോർ വീലർ ട്രക്കുകൾ 2015 ഡിസംബർ മുതൽ 2016 ഡിസംബർ വരെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റിനായി റിപ്പോർട്ട് ചെയ്യപ്പെട്ടെങ്കിലും 2018 വരെ വർക്ക് ഷോപ്പിൽ തന്നെ കിടക്കുകയും വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിക്കുകയും സർവ്വീസ് സാദ്ധ്യമല്ലാതാകുകയും ചെയ്തു.

പത്ത് വർഷം പോലും തികയുന്നതിന് മുമ്പ് വാഹനങ്ങൾ സർവ്വീസ് ചെയ്യാൻ സാധ്യമല്ലാത്ത നിലയിൽ ആകാനുള്ള പ്രധാനകാരണം ദീർഘകാലം വെറുതെ കിടക്കുന്നതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### *വിവിധ തലങ്ങളിലെ കാലതാമസം കാരണം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് നടത്തുന്നത് വൈകിയത്*

1989ലെ കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച്, ഗതാഗതത്തിനുപയോഗിക്കുന്ന വാഹനങ്ങൾക്ക് തുടക്കത്തിൽ രണ്ട് വർഷത്തേക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നു. അതിനുശേഷം എല്ലാവർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കണം. വാഹനത്തിന്റെ ഡ്രൈവർ/ആരോഗ്യ വിഭാഗം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ എഞ്ചിനീയറിംഗ് വിഭാഗത്തെ അറിയിക്കുന്നതു മുതൽ അതിനുള്ള നടപടിക്രമം ആരംഭിക്കുന്നു. 27 വാഹനങ്ങളുടെ[65] ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാലതാമസത്തിന്റെ ഘട്ടങ്ങൾ/എടുത്ത സമയം എന്നിവ കണ്ടെത്തുവാനായി നടത്തിയ ഒരു പരിശോധനയിൽ (2024 ഏപ്രിൽ) ആരോഗ്യ വിഭാഗം അറ്റകുറ്റപ്പണികൾക്കായി റിപ്പോർട്ട് ചെയ്യുതുമുതൽ ബില്ലുകൾ അടയ്ക്കുന്നതു വരെ 44 മാസം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. വിവധ തലങ്ങളിൽ ഉള്ള കാലതമാസം **ചാർട്ട് 5.1ൽ** വിശദീകരിച്ചിരിക്കുന്നു:

65 വെസ്റ്റ് സോണിൽ നിന്നും 13 ഉം ഈസ്റ്റ് സോണിൽ നിന്നും 14 ഉം

**ചാർട്ട് 5.1 : വിവിധ തലങ്ങളിലെ കാലതാമസം**




*(ഉറവിടം : കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നല്കിയ വിവരങ്ങൾ)*

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ജനറേറ്റ് ചെയ്യുന്ന ഓരോ ഫയലും മുകളിൽ പറഞ്ഞ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതിനാലും ഓരോ ഘട്ടത്തിലൂടെ കടന്നു പോകുമ്പോഴും ഗണ്യമായ കാലതാമസം ഉണ്ടായതിനാലും വാഹനങ്ങൾക്കുള്ള ഫിറ്റ്നസ് പരിശോധന യഥാസമയം നടത്തിയിരുന്നില്ല. വർക്ക് ഓഡർ നൽകിയ തീയതി മുതൽ വർക്ക്ഷോപ്പിലേക്ക് ഇൻവോയ്സ് പണമടയ്ക്കുന്നത് വരെ 38 മാസം കാലതാമസമുണ്ടായതായി ഓഡിറ്റ് കണ്ടെത്തി, ഇത് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിൽ കൊച്ചി കോർപ്പറേഷന്റെ ഭാഗത്തുള്ള അനാസ്ഥയെ സൂചിപ്പിക്കുന്നു.

അങ്ങനെ, ഫിറ്റ്നസ് പരിശോധനകൾ/ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി സമർപ്പിച്ച ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം, നടത്തിയ അറ്റകുറ്റപ്പണികൾക്കായി അംഗീകൃത വർക്ക്ഷോപ്പിന് കുടിശ്ശിക നൽകാത്തത് തുടങ്ങിയവ കാരണം ഫിറ്റ്നസ് ടെസ്റ്റിനായി റിപ്പോർട്ട് ചെയ്യുന്നത് വരെ നല്ല പ്രവർത്തനക്ഷമത ഉണ്ടായിരുന്ന വാഹനങ്ങൾ വളരെക്കാലം വെറുതെ കിടക്കുന്നതിന് ഇടയാക്കുകയും തൽഫലമായി പരിഹരിക്കാനാകാത്ത കേടുപാടുകളും പൊതുധന നഷ്ടവുമുണ്ടായി. മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലെ കാലതാമസം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിലൂടെ അധിക ചെലവിനിടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

വാഹനങ്ങളുടെ ശരിയായ നിരീക്ഷണത്തിലൂടെയും ഫയൽ നടപടിക്രമങ്ങൾക്കായി എടുക്കുന്ന സമയം കുറയ്ക്കുന്നതിലൂടെയും വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുന്നത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). 2014ൽ വാങ്ങിയ ആപ്പേ ട്രക്കുകൾ നിർമ്മാണം നിർത്തിയ മോഡലുകളായതിനാൽ ഒരു വർഷത്തിനുശേഷം സ്പെയർ ഭാഗങ്ങൾ ലഭ്യമാകാതിരിക്കുകയും വർക്ക്ഷോപ്പുകൾ അറ്റകുറ്റപ്പണി ഏറ്റെടുക്കാൻ തയാറാകാതിരിക്കുകയും ചെയ്യുതായി ആപ്പേ ട്രക്കുകളുടെ ഉപയോഗശൂന്യതയെ സംബന്ധിച്ച് സർക്കാർ പ്രസ്താവിച്ചു. അറ്റകുറ്റപ്പണിയ്ക്കു ഉയർന്ന ചെലവുള്ള വാഹനങ്ങൾ മാറ്റി വാങ്ങാൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചെന്നും ഈ വാഹനങ്ങൾ ലേലത്തിൽ വിറ്റഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടിയിൽ പറഞ്ഞു.

വാഹനങ്ങൾ വാങ്ങുന്നതിനു മുമ്പ് തന്നെ അവ നിർമ്മാണം നിർത്തിയ മോഡലുകൾ അല്ലെന്നും കുറഞ്ഞത് 15 വർഷത്തേക്ക് സ്പെയർ പാർട്ടുകൾ ലഭ്യമാകുമെന്നും കോർപ്പറേഷൻ ഉറപ്പാക്കേണ്ടതായിരുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല.

## 5.11 ആസ്തികളുടെ കൈയ്യൊഴിയ്ക്കൽ

ജംഗമ ആസ്തികൾ ഉപയോഗശൂന്യമോ/കാലഹരണപ്പെട്ടതോ ആയിത്തീരുകയും കൂടുതൽ സേവനങ്ങൾ നൽകാൻ കഴിയാത്തതുമായാൽ പരമാവധി പുനർവിൽപ്പന മൂല്യം നേടുന്നതിനും മേൽനോട്ടം, സംഭരണം, പരിപാലനം എന്നിവയ്ക്കുള്ള ചെലവ് ഒഴിവാക്കുന്നതിനുമായി അവ കാലതാമസമില്ലാതെ കൈയൊഴിക്കേണ്ടതാണ്. കൈയ്യൊഴിയ്ക്കലിൽ ഡീകമ്മീഷൻ ചെയ്ത ഒരു ആസ്തിയുടെ വിൽപ്പനയും പൊളിക്കലും ഉൾപ്പെടെ, അതിന്റെ കൈയ്യൊഴിയ്ക്കലുമായി ബന്ധപ്പെട്ട ഏതൊരു പ്രവർത്തനവും ഉൾപ്പെടുന്നു. പരിശോധന നടത്തിയ 16 യുഎൽബികളിൽ സേവന വിതരണത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും ഗണ്യമായ സംഭരണ സ്ഥലം കൈവശപ്പെടുത്തുകയും ചെയ്യുന്ന വിധത്തിൽ ഉപയോഗശൂന്യമോ കാലഹരണപ്പെട്ടതോ ആയ ആസ്തികൾ കുമിഞ്ഞുകൂടി കിടക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. അറ്റകുറ്റപ്പണി ചെയ്യാൻ സാധിയ്ക്കാത്ത ഉപകരണങ്ങൾ/വാഹനങ്ങൾ എന്നിവ കണ്ടെത്താനും കൈയ്യൊഴിയ്ക്കാനുമുള്ള ഒരു സംവിധാനവും പരിശോധന നടത്തിയ യുഎൽബികളിൽ ഇല്ലായിരുന്നു എന്ന് നിരീക്ഷിച്ചു.

### 5.11.1 വാഹനങ്ങൾ ഒഴിവാക്കൽ

ഗതാഗത യോഗ്യമല്ലാത്തതും സർക്കാരിന് ലാഭകരമല്ലാത്തതുമായ വാഹനങ്ങൾ ദീർഘകാലം വെറുതെ ഇടാൻ പാടില്ല, അത് വാഹനത്തിന്റെ സ്ക്രാപ്പ് മൂല്യം കുറയുന്നതിന് കാരണമാകും. കെപിഡബ്ല്യുഡി മാനുവൽ പ്രകാരം ഒഴിവാക്കാനുള്ള വാഹനങ്ങളുടെ മൂല്യനിർണ്ണയം നടത്താനുള്ള ഉത്തരവാദിത്തം പിഡബ്ല്യുഡി മെക്കാനിക്കൽ ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. പരിശോധന നടത്തിയ കോർപ്പറേഷനുകളിൽ 511 വാഹനങ്ങളുള്ളതിൽ 168 എണ്ണവും, മുനിസിപ്പാലിറ്റികളിൽ 205 വാഹനങ്ങളുള്ളതിൽ 46 എണ്ണവും ഉപയോഗശൂന്യമായിരുന്നു. എന്നാൽ കോർപ്പറേഷനുകളിലെ 73 വാഹനങ്ങളും മുനിസിപ്പാലിറ്റികളിലെ 38 വാഹനങ്ങളും മാത്രമാണ് ലേലത്തിന് നിർദ്ദേശിക്കപ്പെട്ടത്. വാഹനം ഗതാഗതയോഗ്യമല്ലാതായ തീയതി മുതൽ ലേലതീയതി വരെ 10 വർഷം വരെ കാലതാമസമുള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു. ഉപയോഗശൂന്യമായ വാഹനങ്ങളുടെ ഒഴിവാക്കലിൽ/ലേലം നടത്തലിൽ ഉള്ള കാലതാമസം വാഹനത്തിന്റെ അവസ്ഥ കൂടുതൽ മോശമാകുന്നതിനും സ്ക്രാപ്പ് മൂല്യം കുറയുന്നതുവഴി വരുമാനനഷ്ടത്തിനും കാരണമാകും.

വാഹനങ്ങൾ ലേലം ചെയ്ത് നീക്കം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). കൊച്ചി കോർപ്പറേഷനിൽ ഒരു മെക്കാനിക്കൽ എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു.

***ശിപാർശ:***

***വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും കയ്യൊഴിയലും സമയബന്ധിതമായി നടത്തുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ ഒരു സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 5.12 നിരീക്ഷണം

പൊതുമരാമത്തിനെ സംബന്ധിക്കുന്ന വർക്കിംഗ് ഗ്രൂപ്പ്, പ്രവൃത്തികളുടെ നിരീക്ഷണം നടത്തണമെന്ന് പദ്ധതി രൂപീകരണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഒരാളെ കൺവീനറാക്കി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതായിരുന്നു. ആസ്തി സൃഷ്ടിക്കലിനും പരിപാലനത്തിനുമായുള്ള പദ്ധതികളുടെ നടപ്പാക്കൽ ഈ വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കേണ്ടതാണ്. എന്നാൽ, പരിശോധനയ്ക്ക് വിധേയമാക്കിയ 24 യുഎൽബികളിൽ 16 എണ്ണം നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പദ്ധതികൾ നിരീക്ഷിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, പരിശോധന നടത്തിയ ഒരു യുഎൽബിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനായുള്ള മാനുവലിൽ നിർദ്ദേശിക്കുന്നതുപോലെ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും (എഎംഎംസി) രൂപീകരിച്ചിട്ടില്ല.

മുൻ ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്നതുപോലെ, സേവനം പ്രദാനം ചെയ്യുന്ന ആസ്തികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലെ അമിതമായ കാലതാമസം, സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കാതെയിരിക്കൽ തുടങ്ങിയ സംഭവങ്ങൾ ആസ്തി സൃഷ്ടിക്കലിനും പരിപാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശരിയായി നിരീക്ഷിക്കുന്നതിലൂടെ ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

***ശിപാർശ:***

***ആസ്തികളുടെ ഉപയോഗവും പരിപാലനവും ഫലപ്രദമായി നിരീക്ഷിക്കാൻ യുഎൽബികൾ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 5.13 ഉപസംഹാരം

ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികൾ അവയുടെ അധികാര പരിധിയിലുള്ള ആസ്തികളുടെ ഫലപ്രദമായ പരിപാലനത്തിനായി ആസ്തി പരിപാലന പ്ലാനും തന്ത്രങ്ങളും തയ്യാറാക്കിയിട്ടില്ല. പരിശോധന നടത്തിയ ഒരു യുഎൽബിയും ആസ്തി പരിപാലന നയം, പദ്ധതി, തന്ത്രം എന്നിവ തയ്യാറാക്കാൻ ഉത്തരവാദിത്തമുള്ള അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (എഎംഎംസി) രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യാനും ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ച 'സചിത്ര' സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരിശോധന നടത്തിയ 24 യുഎൽബികളിൽ ഒന്നും തന്നെ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടില്ല. അഞ്ച് മുനിസിപ്പാലിറ്റികൾ അവരുടെ എല്ലാ സ്വത്തുക്കളുടെയും തിരുവനന്തപുരം കോർപ്പറേഷൻ സ്വന്തം ആസ്തികളുടെയും ജിഐഎസ് മാപ്പിംഗ് നടത്തിയെങ്കിലും, സചിത്ര സോഫ്റ്റ്‌വെയറുമായി ജിഐഎസ് ഡാറ്റ സംയോജനം നടക്കാത്തതിനാൽ ഈ യുഎൽബികൾക്ക് അവർ നടത്തിയ ആസ്തി മാപ്പിംഗ് ഉപയോഗപ്രദമാക്കുവാൻ കഴിഞ്ഞില്ല. ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂമി യുഎൽബികൾ വാങ്ങിയത് ₹7.50 കോടിയുടെ നിഷ്ഫല ചെലവിനിടയാക്കി. നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സ്ഥലത്തിന്റെ അവസ്ഥ ഉറപ്പാക്കാത്തത് വിവിധ സേവന പ്രദാന പദ്ധതികളുടെ കാര്യത്തിൽ ₹7.96 കോടിയുടെ നിഷ്ഫല ചെലവിന് കാരണമായി. സാധ്യത, പ്രവർത്തനരീതി തുടങ്ങിയവ വിശകലനം ചെയ്യാതെ വനിതാഘടക പദ്ധതി പ്രോജക്ടുകൾക്ക് രൂപം നൽകിയതിന്റെ ഫലമായി പരിശോധന നടത്തിയ

യുഎൽബികളിൽ ₹12.12 കോടിയുടെ ആസ്തികൾ നിഷ്ക്രിയമായി. മാർക്കറ്റ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഗ്യാസ് ശ്മശാനങ്ങൾ എന്നിവയുടെ പ്രവർത്തന രഹിതമായ അവസ്ഥയും ശ്രദ്ധയിൽപ്പെട്ടു. സ്വന്തം ഭൂമി സംരക്ഷിക്കുന്നതിൽ പരിശോധിച്ച രണ്ട് യുഎൽബികൾ പരാജയപ്പെട്ടത് കൈയ്യേറ്റത്തിന് കാരണമായി. പരിശോധിച്ച ഏഴ് യുഎൽബികളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങിയ പ്ലാന്റുകളും യന്ത്രങ്ങളും നിഷ്ക്രിയമായി കിടന്നതിന്റെ ഫലമായി ₹2.66 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായി. എസ്റ്റിമേറ്റ് അനുവദിക്കുന്നതിലും വർക്ക് ഓർഡർ നൽകുന്നതിലും വർക്ക്ഷോപ്പിലേക്ക് പണം നൽകുന്നതിലും കൊച്ചി കോർപ്പറേഷൻ വരുത്തിയ കാലതാമസം വാഹനങ്ങൾ ഏഴ് വർഷം വരെ നിഷ്ക്രിയമായി കിടക്കുന്നതിന് ഇടയാക്കി. പരിശോധന നടത്തിയ യുഎൽബികളിൽ വാഹനം ഉപയോഗശൂന്യമായ തീയതി മുതൽ ലേല തീയതി വരെ 10 വർഷം വരെ കാലതാമസം ഉണ്ടായിരുന്നു.